المرشد

# അൽ-മുർശിദ്

# AL-MURSHID

1966 ജൂൺ

# വിഷയങ്ങൾ


| | | |
|---|---|---|
| | | പേജ്. |
| 1. | ഈജിപ്ത് എങ്ങോട്ട്? | |
| | (പത്രാധിപക്കുറിപ്പ്) | 2 |
| 2. | നമ്മുടെ നവോത്ഥാനം. | |
| | (എം. മുഹമ്മദ് കണ്ണ്, പുനലൂർ.) | 5 |
| 3. | മതവിദ്യാഭ്യാസ പരിഷ്കരണം | |
| | ചില അഭിപ്രായങ്ങൾ (അബ്ദുൽഅസീസ്, മങ്കട) | 11 |
| 4. | ഇസ്ലാമിന്റെ വിശാലവീക്ഷണം. | |
| | (വിവ: എം. മുഹമ്മദ്, എ. എം. എ. കോളെജ്) | 16 |
| 5. | അത്തഖ്‌ലീദ്. (എസ്. എം. ഐദീത്.) | 20 |
| 6. | തല മുന്നവട്ടം തടകൽ? ഒരു കത്തും മറുപടിയും. | |
| | (സി. എ. മുഹമ്മദ് മൌലവി.) | 28 |
| 7. | മന്നവനും നീയും സമന്മാർ (കവിത) | |
| | (ടി. ഉബൈദ്.) | 31 |
| 8. | ഇക്കൊല്ലം 10, 99, 543 പേർ ഹജ്ജ് ചെയ്തു. | 32 |
| 9. | മുസ്ലിംകളും അക്ഷരപൂജയും | |
| | (പി. മുഹമ്മദ്, കട്ടശ്ശേരി) | 34 |
| 10. | ഇസ്ലാമും മുസ്ലിംകളും. | |
| | (എൻ. വി. അബ്ദുസ്സലാം ബിൻ മുഹമ്മദ്.) | 37 |



Riyadul Swaliheen


مع الامام الرازي : P: 22

# അൽ-മുർശിദ്

شيخ عبد العزيز : P: 27

(മാസിക)

P: 34

: പേജ്: 3

അക്ഷരപൂജ: Page: 34


ചീഫ് എഡിററർ:

E. K. മൌലവി

പബ്ളിഷർ:

മുഹ്സിൻ ബിൻ അഹ്മദ്
B. A., L. T.



K. Abbas, Musliyar
Kannanthodiyil House
PO Vattalor-676507
Via Makkaraparam
Mpm. Dt


തല മറക്കൽ സുന്നത്താണോ
ഉൽബോധനം 1999 മെയ്
സൽസബീൽ: P: 35


ലക്കം 4 1966 ജൂൺ വില: 35 പൈസ.

പത്രാധിപക്കുറിപ്പ്.

# ഈജിപ്ത് എങ്ങോട്ട്...?

**പല** കാരണങ്ങളാലും ഈജിപ്ത് ഇപ്പോൾ ലോകമുസ്ലിംകളുടെ ശ്രദ്ധയാകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. നിർദ്ദിഷ്ടമായ ഇസ്ലാമിക ഉച്ചകോടിസമ്മേളനത്തെ പ്രസിഡണ്ട് ജമാൽ അബ്ദുന്നാസിർ എതിർത്തതോടെ വിശേഷിച്ചും.

എന്താണ് ഈജിപ്തിൽ നടക്കുന്നത്? ഭരണാധികാരികളുടെ വീക്ഷണമെന്ത്–? ഈ ചോദ്യങ്ങൾക്കുത്തരം കാണാൻ പലക്കും ജിജ്ഞാസയുണ്ടാവും. സോഷ്യലിസം ലക്ഷ്യമായി അംഗീകരിച്ചിരിക്കുകയാണ് അവിടെ. കമ്മ്യൂണിസ്റ്റ് പാളയത്തിലേക്കാണ് ഭരണാധികാരികൾ നടന്നടുക്കുന്നത്. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളോടാണ് അവരുടെ കൂട്ടുകെട്ടും. നിരീശ്വരത്വത്തിന്റെ വിളഭൂമിയായ സോവിയറ്റ്റഷ്യയിലെ പ്രധാനമന്ത്രി മി: അലക്സി കോസിജിനും, ഇസ്ലാമിന്റെ ബദ്ധവൈരിയും കമ്മ്യൂണിസ്റ്റ്സഹയാത്രികനുമായ യൂഗോസ്ലാവ്യ്പ്രസിഡണ്ട് മി: ടിറ്റോവും ഈജിപ്ത് സന്ദർശിച്ചിട്ട് ആഴ്ചകളേ ആയുള്ളൂ. ആയിടക്കാണല്ലോ മുസ്ലിം ഉച്ചകോടി സമ്മേളനത്തെ നാസിർ എതിർത്തത്.

രാഷ്ട്ര പുരോഗതിക്ക് ആധുനികവും പുരോഗമനോന്മുഖവുമായ പ്രവർത്തനമാർഗ്ഗങ്ങളെ ആശ്രയിക്കുന്നതിൽ തെററില്ല. പക്ഷെ, കേവലഭൌതികത്വമാവരുത് ലക്ഷ്യം. ഇസ്ലാമിന്റെ അന്തസ്സത്തക്ക നിരക്കും വിധം നയങ്ങൾ രൂപീകരിക്കുകയും ലക്ഷ്യങ്ങൾ നിർവ്വചിക്കുകയുംവേണം. മറെറാരർത്ഥത്തിൽ പറഞ്ഞാൽ ഇസ്ലാമിനെ ചവിട്ടിമെതിച്ചുകൊണ്ട് ഭൌതികപുരോഗതിയാർജ്ജിക്കാനുള്ള പ്രവണത ആപല്ക്കരമാണ്; അപലപനീയമാണ്.

കണ്ണുകെട്ടിവെച്ച കുതിരയെപ്പോലെ ഇരുപുറവും നോക്കാതെ ഭൌതികപുരോഗതിയിലേക്കാണ് ഈജിപ്ത് ഇപ്പോൾ കുതിക്കുന്നത്. അതിന്നിടയിൽ മതവും, മതനിർദ്ദേശങ്ങളും ചതച്ചരക്കപ്പെടുന്നു. ചില ഉദാഹരണങ്ങൾ ഇവിടെ കുറിക്കാം.

ബഹുഭാര്യത്വം നിരുപാധികം നിരോധിച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസ് ഇയ്യിടെ നാസിർ ഗവണ്മെണ്ട് കൊണ്ടുവരികയുണ്ടായി. ഔദ്യോഗിക—അർദ്ധ ഔദ്യോഗിക പത്രങ്ങൾ ഇതിനെ പിന്താങ്ങുക



സ്വാഭാവികമാണല്ലോ. ആ തിരക്കിൽ ഈജിപ്തിലെ ഏററവും പ്രചാരമുള്ള ഒരു ഔദ്യോഗിക ദിനപത്രം അതിന്റെ ഒന്നാംപേജിൽ ഒരു കാർട്ടൂൺ പ്രസിദ്ധപ്പെടുത്തി. ഒരു പൂവൻകോഴിയും, ഒമ്പത് പിടക്കോഴികളും, പൂവൻകോഴിക്ക് കാമം കൂട്ടുമെന്നാണല്ലോ വെപ്പ്. കാർട്ടൂണിന്റെ ചുവടെ "മുഹമ്മദ്! നീ ഒമ്പതു പെണ്ണുകെട്ടി; അല്ലേ?" എന്നെഴുതിയിരുന്നു. ബഹുഭാര്യത്വം സ്വീകരിച്ച മുഹമ്മദുനബി(സ)യെ അവഹേളിക്കുകയായിരുന്നു പത്രത്തിന്റെ ഉദ്ദേശ്യം. ഇതു മുസ്ലിംലോകത്ത് വമ്പിച്ച കോളിളക്കം സൃഷ്ടിക്കുകയുണ്ടായി.

ദേശീയ സംയോജനത്തിന്ന് എന്തു വൃത്തികെട്ട മാർഗ്ഗവും അവലംബിക്കാൻ നാസിറും കൂട്ടുകാരും സന്നദ്ധരാണ്. അതിന്നുവേണ്ടി അനിസ്ലാമികത്വത്തെ കെട്ടിപ്പുണരുന്നതിൽ അവർക്ക സന്തോഷമേയുള്ളൂ. നരകവാസികളായിത്തീരാൻ അവർക്ക മടിയില്ല! നാസിർ സമ്മാനാർഹമായി തിരഞ്ഞെടുത്ത ഒരു കവിതയുടെ പ്രസക്ത ഭാഗം കേൾക്കുക.

بِلَادُكَ قَدِّمْهَا عَلَى كُلِّ مِلَّةٍ ۞ وَمِنْ أَجْلِهَا رَفِطْرُ وَمِنْ أَجْلِهَا صُمْ
سَلَامٌ عَلَى كُفْرٍ يُوَحِّدُ بَيْنَنَا ۞ وَأَهْلًا وَسَهْلًا بَعْدَهُ بِجَهَنَّمْ

(എല്ലാ മാർഗ്ഗങ്ങളെക്കാളും നിന്റെ നാട്ടിന്നു നീ മുൻഗണന നൽകണം. നാട്ടിന്നുവേണ്ടി നീ വ്രതമനുഷ്ഠിക്കണം; വ്രതം ഭഞ്ജിക്കണം. ഞങ്ങളെ ഏകീകരിക്കുന്നത് കുഫ്റാണെങ്കിൽ ആ കുഫ്ർ നീണാൾ വാഴട്ടെ. ഏകീകരണത്തിന്നുവേണ്ടി നരകത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.) ഈജിപ്ത്പോലെയുള്ള പ്രാബല്യവും പാരമ്പര്യവുമുള്ള ഒരു മുസ്ലിംരാഷ്ട്രം ഈ നിലപാട് അംഗീകരിക്കുന്നത് കഷ്ടംതന്നെ.

കുറേ പണ്ഡിതന്മാരെ പാട്ടിലാക്കാൻ നാസിറിന്ന കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ തലതിരിഞ്ഞ നയങ്ങളെ ന്യായീകരിക്കുന്നതിലും പിന്താങ്ങുന്നതിലുമാണ് അവരുടെ ശ്രദ്ധ. നാസിറിനെ പുകഴ്ത്തുന്ന ബദ്ധപ്പാടിൽ മുഹമ്മദ്നബിയെപ്പോലും താഴ്ത്തിക്കാണിക്കാൻ ചിലർ ധൈര്യപ്പെടുന്നു. 'മജല്ലത്തുൽ അസ്ഹറി'ന്റെ പത്രാധിപരും പ്രമുഖ പണ്ഡിതനുമായ അഹ്മദ്ഹസനുസ്സയ്യാത്ത് ഒരിക്കൽ എഴുതിയതെന്താണെന്നോ? "മുഹമ്മദ്നബി ആദർശത്തിലൂടെയാണ് ഏകീകരണമുണ്ടാക്കിയത്. പക്ഷെ ഈ ആദർശം ചിലപ്പോൾ ദുർബ്ബലമാവുകയോ അന്തർദ്ധാനം ചെയ്യുകയോ ചെയ്തേക്കാം. എന്നാൽ നാസിറിന്റെ ഏകീകരണം അങ്ങിനെയല്ല. അത് നിലനില്ക്കും; വളരും. എന്തുകൊണ്ടെന്നാൽ നാസിറിന്റെ ഏകീകരണത്തിന്ന നിദാനം സാമ്പത്തികസമത്വം, അഭിപ്രായസ്വാതന്ത്ര്യം, ജനാധിപത്യഭരണം എന്നിവയാണ്. ഈ മൂന്ന ഘടകങ്ങളുണ്ടായാൽ സ്ഥായിയായ ഐക്യം നിലവിൽവരുമെന്നുറപ്പിക്കാം." (മജല്ലത്തുൽ അസ്ഹർ, മുഹർറം 1383)

ഇത്തരം വൃത്തികെട്ട ചെയ്തികൾക്ക് ഈജിപ്ഷ്യൻജനത അനുകൂലമാണെന്നു ധരിക്കരുത്. ഭരണാധികാരികളുടെയും സിൽബന്തികളുടെയും നയം മാത്രമാണിത്. നിസ്വാർത്ഥരായ പണ്ഡിതന്മാരും മതസ്പിരിറ്റുള്ള ബഹുജനങ്ങളും നാസിറിന്റെ ചിന്താഗതികളെ അനുകൂലിക്കുന്നില്ല. അനിസ്ലാമിക പ്രവണതകളെ ശക്തിയുക്തം എതിർക്കുന്നുണ്ട് അവർ. ഇതിന്റെ പേരിൽ അവർ കിരാതമായി മർദ്ദിക്കപ്പെടുകയാണ്.

ഇഖ്‌വാനുൽ മുസ്ലിമൂൻ പ്രവർത്തകരുടെയും അനുഭാവികളുടെയും നേരെ നാസിർ കൈക്കൊള്ളുന്ന മർദ്ദനനടപടികൾ പ്രസിദ്ധമാണല്ലോ. ഏതാനും ആഴ്ചകൾക്കുമുമ്പ് മുസ്ലിം വേൾഡ് ലീഗുപോലും ഇതിനെ അപലപിക്കുകയുണ്ടായി. ഇഖ്‌വാനുൽമുസ്ലിമൂൻ സംഘടനക്കു ഇപ്പോൾ പ്രവർത്തനസ്വാതന്ത്ര്യമില്ല. നിരപരാധരായ ആയിരക്കണക്കിനു പ്രവർത്തകന്മാർ കാരിരുമ്പഴികൾക്കുള്ളിൽ ശ്വാസംമുട്ടിക്കഴിയുകയാണ്. ഇവരിൽ പ്രമുഖ പണ്ഡിതന്മാരും, നേതാക്കളും ഉൾപ്പെടും. വിചാരണപോലും ചെയ്യാതെയാണ് അവരെ ജയിലിലടച്ചത്.

മതപ്രചരണരംഗത്ത് സേവന പാരമ്പര്യമുള്ള ഒരു മുസ്ലിംസംഘടനയാണ് ഇഖ്‌വാനുൽമുസ്ലിമൂൻ. ചിലർ തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ ജമാഅത്തെഇസ്ലാമിയുമായി ഇതിനു വിശേഷിച്ച് ബന്ധമൊന്നുമില്ല. സയ്യിദ് അബുൽഅഅ്‌ലാമൌദൂദിയല്ല അവരെ നയിക്കുന്നതും. ഇസ്‌ലാമികാദർശങ്ങളിൽ ഉറച്ചുനിന്നു സേവനംചെയ്യുന്ന ഒരു മുസ്ലിം സംഘടനയെന്നതിൽകവിഞ്ഞ് മറ്റൊരു വിശേഷണവും ഇഖ്‌വാനുൽമുസ്ലിമൂനില്ല.

നാസിറിന്റെ ഭൌതികഭ്രമത്തെ അനുകൂലിച്ചില്ല; അനിസ്ലാമിക പ്രവണതകളെ ചങ്കൂറ്റത്തോടെ എതിർത്തു—ഇതാണ് ഇഖ്‌വാനുൽമുസ്ലിമൂൻ പ്രവർത്തകർ ചെയ്ത തെറ്റ്. അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചതും അവരെ ജയിലിലടച്ചതും മൃഗീയമായി മർദ്ദിക്കുന്നതും ഇതേ കാരണംകൊണ്ടാണ്.

ചുരുക്കത്തിൽ ഭൌതികത്വവും അഭൌതികത്വവും തമ്മിലുള്ള സമരമാണ് ഈജിപ്തിൽ. നാസിർ എന്തുതന്നെ ചെയ്താലും മതാവേശമുള്ള ഈജിപ്ഷ്യൻജനതയെ കീഴടക്കാൻ സാദ്ധ്യമല്ല. ആ പ്രാചീന മുസ്ലിം കേന്ദ്രത്തെ മലിനപ്പെടാതെ കാത്തു സൂക്ഷിക്കാൻ അവർക്കു കരുത്തുണ്ട്. ഇസ്ലാമിനെ അവഗണിച്ചുകൊണ്ട് പ്രതാപം നടിച്ച ഭൌതികനേതാക്കൾ ഒരു കാലത്തും വിജയിച്ചിട്ടില്ല. ഈജിപ്തിന്റെ ചരിത്രം തന്നെ അതിനു സാക്ഷിയാണ്. ഈ പരമാർത്ഥം അവിടത്തെ ഭരണാധികാരികൾ എത്ര വേഗത്തിൽ മനസ്സിലാക്കുന്നുവോ അത്രയും നന്ന്.

...:IOI:...

# നമ്മുടെ നവോത്ഥാനം

— എം. മുഹമ്മദുകണ്ണ്, പുനലൂർ —

മനുഷ്യരാശിയുടെ ഇഹപര സൌഭാഗ്യങ്ങൾക്ക് നിദാനമായി, മനുഷ്യ പ്രകൃതിക്കനുയോജ്യമായി, ആത്മീയസമുല്ക്കർഷത്തിനുള്ള ഋജുമാർഗ്ഗങ്ങൾ വിശുദ്ധ ഖുർആൻ പ്രബോധിക്കുന്നു. സൃഷ്ടിമകുടമായ റസൂൽകരീം (സ) അതിനുള്ള വിശുദ്ധ മാതൃക നമുക്ക് കാട്ടിത്തന്നിരിക്കുന്നു. സലഫുസ്സാലിഹിങ്ങൾ ആ ചുവട്ടടികളിൽക്കൂടി നിർബാധം സഞ്ചരിച്ച്, അനുപമമായ ഒരു മഹൽസാമ്രാജ്യം പടുത്തുയർത്തുകയുമുണ്ടായി. ഈദൃശമായ അനുഗ്രഹങ്ങൾ ഭൂതകാലത്തിലുണ്ടായിട്ടും മുസ്ലിംകൾ ഇന്ന് അധോമുഖമായി ചരിച്ചുകൊണ്ടേയിരിക്കുന്നു. ശാപകരമായ ഈ ദുസ്ഥിതിക്കുള്ള കാരണങ്ങളെക്കുറിച്ചു അവഗാഢമായി ചിന്തിക്കേണ്ടതു് ധിഷണാശക്തിയുള്ള മുസ്ലിംകളുടെ കർത്തവ്യമാണ്. താദൃശമായ ഒരു ലഘുചിന്തയാണ് ഈ ലേഖനോദ്ദേശം.

മാനസികമായും ആത്മികമായും സാന്മാർഗ്ഗികമായും തുലോം ശോച്യമായ നിലയിൽ അധഃപതിച്ചിരുന്ന അറേബ്യൻ ജനതയെ, ലോകത്തെ വിസ്മയഭരിതമാക്കുമാറ് ആത്മികവും ലൌകികവുമായ വിഷയങ്ങളിൽ ലോകം അതുവരെ കണ്ടിട്ടില്ലാത്ത വിധം അത്യുന്നതപദവിയിലുയർത്തിയതു് ആശ്ചര്യകരമായ ഒരു ചരിത്രവസ്തുതയാണ്. ഈ അതുലിതമായ പരിവർത്തനം എങ്ങിനെയാണുണ്ടായതെന്ന് നാം സസൂക്ഷ്മം പഠിക്കേണ്ടതാണ്.

ചിന്താശക്തിയനുസരിച്ചാണ് ഏതു് ജനതയും പുരോഗമനോന്മുഖമായി ചരിക്കുന്നതും അഭിവൃദ്ധിസോപാനത്തിന്റെ അത്യുച്ചകോടിയിലേക്കുയരുന്നതും. നബി കരീം (സ)ന്റെ ഇസ്ലാംമതപ്രബോധനത്തിനു മുമ്പ് അധഃപതനത്തിന്റെ ആഴത്തിൽ കിരാതത്വത്തിൽ ചരിച്ചിരുന്ന അറേബ്യൻ ജനത, ഖുർആനികമായി ചിന്തിക്കുകയും,

തദനുസൃതമായി ജീവിക്കുകയും ചെയ്തതു മൂലമാണ് അവർ അഭിവൃദ്ധി സോപാനത്തിന്റെ ഉച്ചകോടിയിലെത്തിയതു്; ലോകഗുരുക്കന്മാരായി ഉയന്നതു്. ആശയങ്ങളുടെ പരിവത്തനമാണ് ജനതയുടെ ഉൽഗതിക്കും അധഃപതനത്തിനും നിദാനമെന്നുള്ളതു് ചരിത്രപരമായ ഒരു യാഥാത്ഥ്യമാകുന്നു. വിശുദ്ധ ഖുർആൻ ഉൽക്കടമായി ഉൽബോധിപ്പിക്കുന്നതു് ഇതു് തന്നെയാണ്.

إِنَّ اللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنفُسِهِمْ

"തങ്ങളുടെ ആത്മീയനിലയെ അവർ തന്നെ ഭേദപ്പെടുത്തിയാലല്ലാതെ ഒരു ജനതയുടെ അവസ്ഥയെ അല്ലാഹു ഭേദപ്പെടുത്തുകയില്ല."

ആത്മബോധം അഥവാ ധാരണകളാണ് ജനതയെ ശരിയായ സോപാനത്തിൽക്കൂടി പുരോഗതിയിലേക്കുയത്തുന്നതു്. ധാരണകളാണ് തെററുകൾക്കവലംബം. ധാരണകൾ ശരിയായാൽ ജനത യാഥാത്ഥ്യത്തിൻെറ വെളിച്ചത്തിലൂടെ ഉൽകൃഷ്ടത്തിൻെറ ഉച്ചകോടിയിലെത്തുന്നു. അന്ധവിശ്വാസങ്ങളും, അന്തസ്സാരശൂന്യങ്ങളായ ആചാരാനുഷ്ഠാനങ്ങളും ജനതയെ അപകഷത്തിൻെറ ആഴത്തിലെത്തിക്കുന്നു. ആ ജനത തന്നെ ആന്തരികമായി നന്നാകുമ്പോൾ, സമുൽകൃഷത്തിൻെറ പരമഫലം അനുഭവിക്കുന്നു. ഈ ചരിത്രസത്യമാണ് ഇസ്ലാമിനു് മുമ്പുള്ള അറേബ്യൻ ജനതയും ഇസ്ലാംമതാവിർഭാവത്തിന്നു പിമ്പുള്ള അറബിമുസ്ലിംകളും സ്ഫുടികസ്ഫുടമായി ദൃഷ്ടാന്തീകരിക്കുന്നതു്. അധഃപതനത്തിൻെറ അത്യഗാധതയിൽ ജീവിച്ചിരുന്ന അറേബ്യൻ ജനത, കാൽനൂറ്റാണ്ടുകൊണ്ടു് ഖുർആനികമായ ഏകദൈവവിശ്വാസത്തിലൂടെ മഹത്തരങ്ങളായ മാനുഷികഗുണങ്ങൾ സമാജ്ജിച്ചു് ഒരു ദൈവികരാജ്യം ആകാശത്തിൻ കീഴിൽ സൃഷ്ടിച്ചു; ലോകത്തെ വിസ്മയസ്തബ്ധമാക്കി. ഖുർആനികമായ ഇസ്ലാമികവിശ്വാസത്തിൻെറ വെൺകതിരുകൾ അറേബ്യൻ ജനഹൃദയങ്ങളിൽ വീശിയതിൻെറ സമ്മോഹനഫലങ്ങളാണവ. മനുഷ്യഹൃദയങ്ങൾക്കു് ഉയിരും ഉണവ്വും നല്കിയ റസൂൽകരീം (സ)ന്റെ പ്രബോധനങ്ങൾ അവരിൽ വരുത്തിയ മഹാ പരിവത്തനം ലോകചരിത്രത്തിൽ ഇന്നും എന്നും നിസ്തുലമായിത്തന്നെ വിരാജിക്കും. ആത്മികബോധത്തിൻെറയും വികാസത്തിൻെറയും പരിണതഫലമാണതു്. "ഒരു കാലത്തു് വ്യഭിചാരം ഞങ്ങളുടെ ഇടയിൽ ബഹുമാനകരമായ ഒരു പ്രവൃത്തിയായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയോ, ദൈവത്താണെ സത്യം, ചത്തഴുകിയ ശവത്തിൻെറ ദുർഗ്ഗന്ധം അന്യസ്ത്രീയുടെ ശരീരത്തിലെ പരിമളത്തെക്കാൾ എനിക്ക് പ്രിയതരമാണ്" എന്ന അബൂമൂസൽഅശ്അരിയുടെ വാക്കുകൾ അവരിൽ വരുത്തിയ നിസ്തുലമായ പരിവത്തനത്തെ ചിത്രീകരിക്കുന്നു. ഈദൃശമായി അടിമുടി അവരിലുണ്ടായ മാനസികപരിവത്തനമാണ് പൂവ്വമുസ്ലിംകളെ ഒരു അത്ഭുതമായ അജയ്യശക്തിയായി രൂപാന്തരപ്പെടുത്തിയതു്, വിജ്ഞാനനിധികളും ത്യാഗമൂത്തികളുമാക്കിത്തീത്തതു്. അവരുടെ കാലടികളെ പിന്തുടന്നു 'കമ്മോന്മുഖരായിത്തീരുകയാണ്' അഭിവൃദ്ധ്യുന്മുഖമായ മാഗ്ഗം. മഹാനായ ഹസ്രത്ത് അബൂബക്കറി (റ) ൻെറ ചാതുരികൾ സവ്വഥാ ശ്രദ്ധേയമാണ്.



لَا يَصْلُحُ آخِرُ هَٰذِهِ الْأُمَّةِ إِلَّا بِمَا صَلَحَ أَوَّلُهَا

"ആദിമാവസ്ഥയിൽ ഏതൊന്നുകൊണ്ടു് ഈ സമുദായത്തിന്നു് നവോത്ഥാനമുണ്ടായോ അതുകൊണ്ടല്ലാതെ ഇനിയും നവോദ്ധാരണം ഉണ്ടാകയില്ല."

നമ്മുടെ ഹൃദയത്തുടിപ്പുകൾ പൂവ്വമുസ്ലിംകളെപ്പോലെ ഖുർആനികമായ ഇസ്ലാമിലൂടെ തുടിക്കുന്നതുകൊണ്ടേ സമുൽകൃഷത്തിൻെറ സമ്മോഹനഫലങ്ങൾ നാം അനുഭവിച്ചു കൂടൂ. "തൗഹീദി"ലുള്ള അടിയുറച്ച വിശ്വാസവും തദ്പ്രേരകങ്ങളായ പ്രവൃത്തികളുമാണ് അന്ധകാരഗത്തത്തിൽ നിപതിച്ച അറേബ്യൻജനതയെ ഉണത്തി ഉയത്തി ലോകഗുരുക്കന്മാരാക്കിത്തീത്തതെന്നു് ഉപരി പ്രസ്താവിച്ചതാണല്ലൊ. കിസ്രാചക്രവത്തിയുടെ ശക്തിയാകട്ടെ, ആകാശചുംബികളായ മഹാ പവ്വതങ്ങളാകട്ടെ, ചുട്ടുപഴുത്ത വിശാല മരുഭൂമികളാകട്ടെ, "തൗഹീദി"ൽ അടിയുറച്ചിരുന്ന അവരുടെ മാഗ്ഗമദ്ധ്യത്തിൽ വിഘാതങ്ങളായി അവക്കു് തോന്നിയില്ല. ഖുർആൻെറ അഭൗമമായ സന്ദേശങ്ങളിൽ അവരുടെ ഹൃദയങ്ങൾ വികസിച്ചു; കുളിത്തു. റസൂൽകരീം (സ)ൻെറ പ്രബോധനങ്ങളുടെയും ചയ്യകളുടെയും ദൃഷ്ടാന്തങ്ങൾ സ്വന്തംപടികളിൽ അവർ പകത്തി. ഖുർആനികമായ ഹൃദയത്തോടെ മനുഷ്യകരങ്ങൾ പ്രവത്തിച്ചാലുള്ള മോഹനഫലങ്ങൾ എന്താണെന്നു് അവർ ലോകത്തെ പഠിപ്പിച്ചു. ഒരുമയോടെ ദൈവമാഗ്ഗത്തെ അവലംബിച്ചാലുള്ള സൽഫലം ലോകത്തെ അനുഭവിപ്പിച്ചു്, അതിനെ കോരിത്തരിപ്പിച്ചു. ഈ ആത്മപ്രകാശം മുസ്ലിംകളിൽനിന്നും അന്തദ്ധാനം ചെയ്തതോടെ ഇസ്ലാമിൻെറ വിത്ത്വവും ഓജസ്സും മങ്ങി; അസമത്വം പരന്നു; അന്ധത മുറ്റി; ശ്രേയസ്സകന്നു; അധഃപതനത്തിന്റെ ആഴത്തിലേക്കു് കുതിച്ചു.

വിജ്ഞാനനാഗരികതകളുടെ ശത്രുക്കളായ പുരോഹിതവർഗ്ഗത്തിൻെറയും, കിഞ്ചിജ്ഞന്മാരായ പണ്ഡിതന്മാരുടെയും കയ്യേററം ഇസ്ലാമിലുണ്ടായതോടുകൂടി ഖുർആനികമായ ആത്മബോധവും തജ്ജന്യമായ ആത്മവിത്ത്വവും നശിച്ചു. ഖുർആനിക സിദ്ധാന്തങ്ങൾക്കെതിരായി ഓരോ പുതിയ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും മുസ്ലിംകളുടെ ഇടയിൽ നിരങ്കുശം പ്രചരിച്ചു. ഓരോ കക്ഷിയും തങ്ങളുടെ അഭിപ്രായങ്ങളോടും സിദ്ധാന്തങ്ങളോടും ഒപ്പിക്കുവാനായി ഖുർആൻ വാക്യങ്ങളെയും ഹദീസുകളെയും

ഇച്ഛാനുസരണം വ്യാഖ്യാനിച്ച് തങ്ങളുടെ അഭിപ്രായങ്ങളെയും സിദ്ധാന്തങ്ങളെയും ഇസ്ലാമതമാക്കിത്തീർത്തു. ഇങ്ങിനെ ഇസ്ലാമിലുണ്ടായ വിവിധ കക്ഷികൾമൂലം ഇസ്ലാമിൻെറ വീര്യവും ഓജസ്സും ക്ഷയിച്ചുപോകയും, സാമാന്യജനങ്ങൾക്ക് ഖുർആനികമായ ഇസ്ലാമിൻെറ യഥാർത്ഥ രൂപം തിരിച്ചറിയാൻ കഴിയാതാകയും, ചിന്താശക്തിയററ മുസ്ലിംജനത 'ബിദ്അത്ത്'കളെ (നൂതനനടപടികളെ) മതനിയമങ്ങളായും സിദ്ധാന്തങ്ങളായും അംഗീകരിക്കയും ചെയ്തു. ഇതോടെ അവികലമായിരുന്ന ഇസ്ലാമികവിശ്വാസം വികലവും കളങ്കപങ്കിലവുമായിത്തീർന്നു. ഇതാണ് ഇന്നത്തെ ജീവസ്സററ മുസ്ലിംകളുടെ ശാപകരമായ ദുസ്ഥിതിക്ക് നിദാനം. ക്രമേണ അനിസ്ലാമികങ്ങളായ നൂതനനടപടികൾ (ബിദ്അത്തുകൾ) കാതലും വെള്ളയുംപോലെ ഇസ്ലാമികങ്ങളായിത്തീർന്നു. വിശ്വമഹാകവി അല്ലാമാ മുഹമ്മദ് ഇഖ്ബാലിൻെറ ഭാഷയിൽ പറയുമ്പോൾ,

''ഇസ്ലാമിന്റെ മധുവില്ല
നിങ്ങളുടെ പാത്രങ്ങളിൽ
അപകൃഷ്ടനീരവയിൽ
നിറഞ്ഞുകാണ്മൂ''

എന്ന അപകൃഷ്ടത നമ്മിൽ ഉറഞ്ഞുറച്ചുപോയി. ഇന്നാകട്ടെ, ഇസ്ലാമിനു മുമ്പുള്ള അറബികളുടെ വിശ്വാസാചാരങ്ങളിൽ, പെൺകുഞ്ഞുങ്ങളെ ജീവനോടെ കഴിച്ചുമൂടുന്നതും, പിതാക്കളുടെ ഭാര്യമാരിൽപ്പെട്ടവരെ പിതൃമരണാനന്തരം പുത്രൻ വിവാഹം കഴിക്കുന്നതും ഒഴിച്ചുള്ളതെല്ലാം ആധുനിക മുസ്ലിംകൾ ഓരോ പേരിലും രൂപത്തിലും ഇസ്ലാമിന്റെ പേരിൽ വിശ്വസിച്ചാചരിച്ചു വരുന്നുണ്ട്. വിശുദ്ധ തൗഹീദിൽ അടിയുറച്ചിരുന്ന പൂർവ്വമുസ്ലിംകളുടെ ഋജുമാർഗ്ഗം വിട്ട്, ഇസ്ലാംമതാവിർഭാവത്തിനു മുമ്പുള്ള അറബികളെപ്പോലെ,

مَا يُؤْمِنُ أَكْثَرُهُمْ بِاللهِ
إِلَّا وَهُمْ مُشْرِكُونَ ۝

''അല്ലാഹുവിനോട് മററാരെയും ചേർക്കാതെ അവർ അധികം പേരും അല്ലാഹുവിനെ വിശ്വസിക്കുന്നില്ല.'' എന്ന വിധത്തിൽ തൗഹീദിന് വാട്ടവും കോട്ടവും തട്ടിക്കുന്ന വികലമായ വിശ്വാസാചാരങ്ങൾ ഇന്നത്തെ മുസ്ലിംജനസാമാന്യത്തിൽ കടന്നുകൂടി വേരുറച്ചുപോയിരിക്കുന്നു. പൂർവ്വമുസ്ലിംകൾക്ക് 'ബിദ്അത്ത്'കളോടുണ്ടായിരുന്ന അറപ്പും വെറുപ്പും ക്രമേണ നഷ്ടമാകയും, നബി (സ) ആട്ടിഓടിച്ചുകളഞ്ഞിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, പേരു മാറി തിരിച്ചുവന്നു മതത്തിൻെറ സ്ഥാനം എടുക്കുകയും, ''നിങ്ങൾ നിങ്ങൾക്കു മുമ്പുള്ള മതക്കാരുടെ നടപടികളെ മുഴത്തിനു മുഴമായും ചാണിനു ചാണായും പിന്തുടരും'' എന്ന ഹദീസ് യഥാർത്ഥമായിത്തീരുകയും ചെയ്തിരിക്കുന്നു. ഇത് എത്ര ഭയങ്കരമാണെന്ന് മതത്തിൻെറ യഥാർത്ഥ രൂപം അറിയുന്നവർക്ക് മാത്രമേ അറിഞ്ഞുകൂടൂ. ഈ യാഥാർത്ഥ്യം തുറന്നു



പറയുന്നവരെ മതഭ്രഷ്ടരെന്നു വിധിച്ച്, പല പേരുകൾ പറഞ്ഞു പരിഹസിച്ചു രസിക്കുന്നതാണ് ഇന്നത്തെ മുസ്ലിംകളുടെ വിചിത്രമായ സ്വഭാവം !.

لَا يَرْمِي رَجُلٌ رَجُلًا بِالْفِسْقِ
وَالْكُفْرِ إِلَّا ارْتَدَّتْ عَلَيْهِ
إِنْ لَمْ يَكُنْ صَاحِبُهُ
كَذَٰلِكَ (بخارى)

''ഒരാൾ മറ്റൊരാളെ 'ഫാസിഖെ'ന്നോ 'കാഫിറെ'ന്നോ പറഞ്ഞധിക്ഷേപിക്കുന്നതായാൽ, അയാൾ അപ്രകാരമല്ലാതിരിക്കുമെങ്കിൽ അത് പറഞ്ഞ ആളിലേയ്ക്കു തന്നെ മടങ്ങും'' എന്ന നബിവചനം പണ്ഡിതമാന്യന്മാരും മതഭക്തരെന്നഭിമാനിക്കുന്നവരും എപ്പോഴും ഓർമ്മിക്കുന്നത് നന്നായിരിക്കും.

നാം യഥാർത്ഥ മുസ്ലിംകളായും, ഒരു ഉൽകൃഷ്ടസമുദായമായും ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മുടെ മതത്തെ നാം അതിൻെറ യഥാർത്ഥ രൂപത്തിൽ ഗ്രഹിക്കയും, മതത്തിൽ കടന്നുകൂടിട്ടുള്ള മതാഭാസങ്ങളായ 'ബിദ്അത്ത്'കളെ യഥാരൂപത്തിൽ മനസ്സിലാക്കി നവീകരണം അഥവാ പൂർവ്വവത്കരണം എന്ന ആശയം മതപണ്ഡിതന്മാരുടെയും സമുദായസേവകന്മാരുടെയും പരിപാടികളിൽ ഗണനീയസ്ഥാനം നല്കി പരിശുദ്ധ നിലയിൽ നിഷ്ഠയോടുകൂടി മതം അനുഷ്ഠിക്കുവാൻ പ്രചോദനം നല്കുകയുമാണ് പ്രമുഖ പരിപാടിയാക്കേണ്ടത്.

وَالسَّابِقُونَ السَّابِقُونَ أُولَٰئِكَ
الْمُقَرَّبُونَ ۝

''അവരാണ് (പൂർവ്വർ) അല്ലാഹുവിനോട് ഏററവും അടുത്തവർ എന്നും, ഇസ്ലാമികമായ വിശ്വാസാനുഷ്ഠാനങ്ങളിൽ തികവും ഉൽക്കടവുമായ അഭിലാഷമുണ്ടായിരുന്ന മതഭക്തർ അവർ തന്നെയാണെന്നും, അവരുടെ ഇടയിൽ ഉണ്ടായിരുന്നതിൽ കൂടുതലായ മതപരമായ വിശ്വാസാചാരങ്ങൾ 'ബിദ്അത്ത്'കളാണെന്നും

كُلُّ بِدْعَةٍ ضَلَالَةٌ وَكُلُّ
ضَلَالَةٍ فِي النَّارِ

എന്ന ഹദീസനുസരിച്ച് എല്ലാ 'ബിദ്അത്ത്'കളും നിഷിദ്ധങ്ങളാണെന്നുള്ള വിശുദ്ധമായ മതബോധം മുസ്ലിംജനസാമാന്യത്തിന്നിടയിൽ പ്രചുരമായി പ്രചരിക്കാനും നാം അക്ഷീണയത്നം ചെയ്തുകൊണ്ടിരിക്കേണ്ടതാകുന്നു.

പുരോലിഖിതമായ നിലയിലുള്ള മാനസികപരിവർത്തനം കൊണ്ടല്ലാതെ യഥാർത്ഥമായ ജീവിതചലനം മുസ്ലിംകളിൽ സാർവ്വത്രികമായി ഉണ്ടാകുന്നതല്ല. നമ്മുടെ ആത്മീകവും ലൗകികവുമായ സമുന്നതി മതവിശ്വാസാചാരങ്ങളിൽ

ഉണ്ടാകുന്ന നവോത്ഥാനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. കേവലമായ ബാഹ്യാനുഷ്ഠാനങ്ങളാണ് ഇസ്ലാം എന്നുള്ള സങ്കുചിതധാരണ മാറുകയും മാറ്റുകയും ചെയ്യുകയാണ് പ്രഥമമായ പരിപാടി.

إِنَّمَا الْأَعْمَالُ بِالنِّيَّاتِ

"പ്രവൃത്തനങ്ങൾക്കുണ്ടാകുന്ന ഫലം—അതു ചെയ്യുമ്പോഴുള്ള—ഉദ്ദേശമനുസരിച്ചാണെ"ന്നുള്ള ബോധം മുസ്ലിം ജനസാമാന്യത്തിൽ ദൃഢരൂപമാകേണ്ടിയിരിക്കുന്നു. ഇന്നത്തെ പുകപിടിച്ച കണ്ണട മാറ്റുകയും, പുവ്വവത്കരണപരമായ മനോഭാവം സൃഷ്ടിച്ചു വളത്തുകയും, മതം പ്രായോഗിക ജീവിതത്തിൽ പ്രതിഫലിക്കുവാനുതകുന്ന പരിതസ്ഥിതി സംജാതമാക്കുകയുമാണ് യഥാത്ഥ മതപണ്ഡിതന്മാരുടെയും സമുല്കഷമഭിലഷിക്കുന്ന സമുദായഭക്തന്മാരുടെയും കത്തവ്യം.

أَلَمْ يَأْنِ لِلَّذِينَ آمَنُوا أَنْ تَخْشَعَ قُلُوبُهُمْ لِذِكْرِ اللَّهِ وَمَا نَزَلَ مِنَ الْحَقِّ —الحديد

"അല്ലാഹുവിനെ സ്മരിക്കുന്നതിനും, അവങ്കൽനിന്നിറങ്ങിയതിനെ (ഖുർആനിനെ) അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതിനും വേണ്ടി 'മുഉമിനീങ്ങ'ളുടെ ഹൃദയങ്ങൾ ഭയപ്പെടുവാൻ ഇനിയും സമയമായില്ലയോ?" എന്ന ഖുർആന്റെ ഉൽബോധനം നാം ശ്രവിക്കുമോ?.

KAJA COMPANY, CHOWGHAT
KERALA STATE.

നിത്യവും ദശലക്ഷക്കണക്കിൽ വിൽക്കപ്പെടുന്ന

**കാജാ ബീഡി** പുകവലിക്കാരന്റെ മനസ്സിനു് ഉന്മേഷവും, ഉണർവ്വും നൽകുന്നതോടൊപ്പം പതിനായിരക്കണക്കിനു് കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു,

പുകവലിക്കുവേണ്ടി ഉപയോഗിക്കുന്ന മററു് ഏതിനെക്കാളും കൂടുതൽ ഉന്മേഷവും, ആനന്ദവും **കാജാ ബീഡി** നൽകുന്നു.

K. Abbas Musliyar
Karanthodwil House
PO Vattalor-676507
Via Makkarapuramba
Mpm. Dt

മതവിദ്യാഭ്യാസ പരിഷ്കരണം

# ചില അഭിപ്രായങ്ങൾ

—അബ്ദുൽഅസീസ്, മങ്കട

**കേ**രളത്തിൽ ധാരാളം ഉന്നത മതവിദ്യാലയങ്ങളുണ്ടു്; വലിയ പള്ളിദർസുകളും. പ്രഗത്ഭന്മാരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ മതവിജ്ഞാനങ്ങൾ ഉയന്ന തോതിൽ അവയിൽ അഭ്യസിപ്പിക്കപ്പെടുന്നു. ധാരാളം യുവപണ്ഡിതന്മാർ വഷംതോറും അവയിൽനിന്നും പുറത്തിറങ്ങുന്നുണ്ടു്. നമ്മുടെ മതജീവിതമണ്ഡലം ചൈതന്യപൂണ്ണമാക്കുന്നതിൽ ഈ യുവാക്കൾ വലിയ പങ്ക് വഹിക്കാറുണ്ടെന്നതു നിഷേധിക്കാവതല്ല. പക്ഷെ പൊതുവെ സമുദായം ഇവരെസംബന്ധിച്ച് സംതൃപ്തരല്ല; അതായതു് സമുദായം പ്രതീക്ഷിച്ചതു് അവരിൽനിന്നും ലഭിക്കുന്നില്ലയെന്നൊരാക്ഷേപം പൊതുവെയുണ്ടു്. ഇന്നത്തെ മുസ്ലിംസമുദായത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഇവർ പ്രാപ്തരല്ല. സമുദായം ഒരു പ്രതിസന്ധിഘട്ടം തരണം ചെയ്യുകയാണ്. വമ്പിച്ച പരിവത്തനങ്ങൾക്കതു് വിധേയമായിരിക്കയാണ്. സങ്കിണ്ണങ്ങളായ ബഹുമുഖപ്രശ്നങ്ങൾ അതിനെ അഭിമുഖീകരിക്കുന്നു. ഇതിന്റെ ആഘാതം മതരംഗത്തു് വമ്പിച്ച കോളിളക്കങ്ങൾ സൃഷ്ടിച്ചിരിക്കുകയാണു. ഈ പ്രതിസന്ധിയിൽ സമുദായത്തിനു് നേതൃത്വം കൊടുക്കുവാൻ കഴിയുന്ന പണ്ഡിതന്മാരാണ് അവക്കിന്നാവശ്യം. മുസ്ലിംകൾ മതനിഷ്ഠയുള്ളവരാണ്. മതത്തിൽക്കൂടിയല്ലാതെ അവരെ ഉദ്ധരിക്കുക സാദ്ധ്യമല്ല. മതത്തിൽ കാലുറപ്പിച്ചുകൊണ്ടു് ഭൌതികപുരോഗതി കൈവരുത്തുവാൻ സമു

ദായത്തെ സഹായിക്കുക; ഇതാണവരിൽനിന്ന് സമുദായം പ്രതീക്ഷിക്കുന്നത്. ഇത് മതപണ്ഡിതന്മാർക്കേ സാധിക്കുകയുള്ളു. മതശാസ്ത്രങ്ങളിൽ ദൃഢമായ പാണ്ഡിത്യവും, നമ്മുടെ പ്രശ്നങ്ങളെസംബന്ധിച്ച ശരിയായ അറിവും പണ്ഡിതന്മാർക്കുണ്ടാകുമ്പോഴേ ഈ കൃത്യം സത്യസന്ധമായി നിർവ്വഹിക്കുവാൻ അവർക്ക് കഴിയുകയുള്ളു. ഈ ഗുണങ്ങളുള്ള പണ്ഡിതന്മാർ നമുക്കുണ്ടാകേണമെങ്കിൽ നമ്മുടെ ഉന്നതവിദ്യാലയങ്ങളുടെ ആഭ്യന്തരഘടനയിൽ ചില മാററങ്ങൾ വരുത്തേണ്ടതുണ്ട്. പാഠ്യപദ്ധതി, പാഠ്യവിഷയം, പാഠ്യരീതി എന്നിവയെല്ലാം നവീനമായ രീതിയിൽ പുന:സംഘടിപ്പിക്കുവാൻ നാം സന്നദ്ധത കാണിക്കുകതന്നെ വേണം. പാഠ്യപദ്ധതി സുസ്ഥിരമല്ല. അതുകൊണ്ട് അവയൊന്നിനുംതന്നെ പ്രത്യേക പരിശുദ്ധിയോ, ശാശ്വതത്വമോ അവകാശപ്പെടാവുന്നതല്ല. അവയെ നാം വിലയിരുത്തേണ്ടത് അവയുടെ ഫലങ്ങൾ നോക്കിയിട്ടായിരിക്കണം. മതരംഗത്തെ ശൂന്യത നികത്തുവാൻ ഇന്നത്തെ പാഠപദ്ധതിക്ക് സാധ്യമല്ലെന്നു തെളിഞ്ഞിരിക്കുകയാണ്. ബഹുമുഖങ്ങളായ ആവശ്യങ്ങളാണ് സമുദായത്തിനുള്ളത്. ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ അവർക്ക് കഴിയേണ്ടതാണ്. നമുക്ക് ഖാസിമാരും, ഖത്തീബുമാരും വേണം. സാഹിത്യകാരന്മാരും, പത്രപ്രവർത്തകരും, അദ്ധ്യാപകരും വേണം. മതപ്രബോധകരും, സംഘാടകരും ആവശ്യമാണ്. ബുദ്ധിജീവികൾക്കിടയിലും, വിമതസ്ഥരിലും പ്രവർത്തിക്കുന്നവരുടെ ആവശ്യകതയും വിസ്മരിക്കാവതല്ല. ഈ ബഹുമുഖപ്രവർത്തനങ്ങൾക്ക് മതപണ്ഡിതന്മാരെ സജ്ജമാക്കുവാൻ കഴിവുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് നമ്മുടെ ഉയർന്ന മതവിദ്യാലയങ്ങൾക്കു വേണ്ടത്. വിദ്യാഭ്യാസപദ്ധതി ചലനാത്മകമായിരിക്കണമെന്ന് വിദ്യാഭ്യാസവിദഗ്ദ്ധർ സിദ്ധാന്തിക്കുന്നത് സമൂഹത്തിന്റെ അതാതു കാലത്തെ ആവശ്യങ്ങളുമായി അതിന്നു പൊരുത്തപ്പെട്ടുപോകുവാൻ കഴിയേണ്ടതിന്നാണ്.

## വികേന്ദ്രീകൃത പാഠ്യപദ്ധതി

ഒരു പാഠ്യപദ്ധതി തയ്യാറാക്കുക ഈ ലേഖനോദ്ദേശമല്ല. ഒരു ഉയർന്ന മതവിദ്യാലയത്തിന്റെ പാഠപദ്ധതി എങ്ങിനെയായിരിക്കേണം, ചുരുങ്ങിയത് എന്തെല്ലാം വിഷയങ്ങൾ അതുൾക്കൊള്ളേണമെന്നതിനെസംബന്ധിച്ച് ചില അഭിപ്രായങ്ങൾ ഉന്നയിക്കുക മാത്രമാണ് ചെയ്യുന്നത്. വികേന്ദ്രീകരണം പാഠ്യപദ്ധതിയിൽ അത്യന്താപേക്ഷിതമാണ്. എല്ലാ വിദ്യാർത്ഥികളും എല്ലാ വിഷയങ്ങളും എല്ലാ ഘട്ടങ്ങളിലും പഠിക്കേണ്ടതില്ല. ഒരു പ്രത്യേക ഘട്ടംവരെ മാത്രമെ അതാവശ്യമുള്ളു. അതിന്നുശേഷം വാസനയനുസരിച്ച പ്രത്യേക വിഷയങ്ങളിൽ പ്രാവീണ്യം നേടുവാൻ അവർക്ക് അവസരം നല്കേണ്ടതുണ്ട്. തൊഴിൽവിഭജനത്തിലൂടെയല്ലാതെ ഒരു സമുദായത്തിനും നിലനില്ക്കാൻ കഴിയുന്നതല്ലല്ലോ?. എല്ലാവരും എല്ലാ



രംഗങ്ങളിലും പ്രവർത്തിക്കുകയെന്നതിനു പകരം വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പലരെയും സൃഷ്ടിക്കുകയെന്നതായിരിക്കണം ലക്ഷ്യം. പാഠ്യപദ്ധതിയിൽ വൈവിധ്യവും, വികേന്ദ്രീകരണവുമുണ്ടായാലെ ഇതു സാധിക്കുകയുള്ളു. സാങ്കേതികവിദ്യാലയങ്ങളും, ആർട്ട്സ് കോളേജുകളും ഈ വിഷയകമായി നമുക്കൊരു മാതൃകയാണ്. 'എല്ലാം അന്വേഷിക്കുന്നവന് ഒന്നും ലഭിക്കുകയില്ലെന്ന' ആപ്തവാക്യം നാം സ്മരിക്കുന്നതു കൊള്ളാം.

പാഠ്യവിഷയങ്ങളെ പല പാട്ടുകളായി തരം തിരിക്കേണം. ചില പാട്ടുകളെ വിവിധ ഗ്രൂപ്പുകളായി വീണ്ടും വിഭജിക്കേണം. എല്ലാ പാട്ടുകളും ഒരു വിദ്യാർത്ഥി പഠിക്കേണ്ടതുണ്ടെങ്കിലും പാട്ടുകളിലെ ഇഷ്ടമുള്ള ഗ്രൂപ്പുകൾ തിരഞ്ഞെടുക്കുവാൻ അവനവകാശമുണ്ടായിരിക്കും. പാഠ്യവിഷയത്തിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുവാനും അവരുടെ വ്യക്തിത്വത്തിന്റെ പരിപൂർണ്ണമായ വികസനത്തിനും ഈ സമ്പ്രദായംമൂലം അവസരം ലഭിക്കുന്നുവെന്നതു ഇതിന്റെ പ്രധാനമായ മറെറാരു മെച്ചമാണ്.

മതവിദ്യാഭ്യാസത്തിലെ ബാധനവിഷയം (Core Subject) ഖുർആൻ ആകകൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും ഖുർആൻ വിജ്ഞാനീയങ്ങൾ ഒരു നിർബ്ബന്ധവിഷയമായിരിക്കേണം. അതിനെ നമുക്ക് ഒന്നാം പാട്ടായി സ്വീകരിക്കാം. രണ്ടാം പാട്ട് വിവിധ ഭാഷകൾ അടങ്ങിയതായിരിക്കേണം. ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, ഉറുദു, ഹിന്ദി എന്നീ അറബിയല്ലാത്ത ഭാഷകളിൽ ഏതെങ്കിലും രണ്ടു ഭാഷകൾ നിർബ്ബന്ധപൂർവ്വം പഠിക്കേണ്ടതുണ്ട്. മൂന്നാം പാട്ട് ഗണിതശാസ്ത്രത്തെയും, ഭൌതികശാസ്ത്രങ്ങളെയും, ഹ്യൂമനിററിസിനെയും സംബന്ധിച്ച് സാമാന്യജ്ഞാനം നല്കുന്ന ജനറൽ എഡ്യുക്കേഷനാകട്ടെ, ഇതു ഒരു നിർബ്ബന്ധവിഷയമായിരിക്കേണം. നാലാം പാട്ട് വിവിധ ഗ്രൂപ്പുകൾ അടങ്ങിയതായിരിക്കും. ഹദീസ് വിജ്ഞാനീയങ്ങൾ, ഫിഖ്ഹ് വിജ്ഞാനീയങ്ങൾ, സാഹിത്യം, ഭാഷാശാസ്ത്രങ്ങൾ, ചരിത്രം, ഇൽമുൽകലാം, തത്വശാസ്ത്രം എന്നിവയുൾക്കൊള്ളുന്ന വിവിധ ഗ്രൂപ്പുകളായിരിക്കേണം ഈ പാട്ടിൽ അടങ്ങിയിരിക്കേണ്ടത്. ഓരോ ഗ്രൂപ്പും പ്രധാന വിഷയവും, ഉപവിഷയവുമടങ്ങിയതായിരിക്കേണം. ഉദാഹരണമായി, ഹദീസ് വിജ്ഞാനീയങ്ങൾ പ്രധാന വിഷയമായി സ്വീകരിക്കുന്ന വിദ്യാർത്ഥി ഫിഖ്ഹ് ഉപവിഷയമായി പഠിക്കേണ്ടതുണ്ട്. പ്രധാന വിഷയങ്ങളിലെല്ലാം സാമാന്യജ്ഞാനം നേടിയവർക്ക് പ്രത്യേക വിഷയങ്ങളിൽ ദൃഢമായ പാണ്ഡിത്യം നേടുവാൻ ഈ പാഠ്യപദ്ധതി സഹായകരമാണ്. സമുദായത്തിലെ ബഹുമുഖ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ കഴിവുള്ളവരെ ഇതുമൂലം നമുക്ക് ലഭിക്കുകയും ചെയ്യുന്നു.

## പാഠ്യവിഷയങ്ങളുടെ പ്രാധാന്യം

പാഠ്യപദ്ധതിയിൽ ഉൾപ്പെട

ത്തിയിട്ടുള്ള വിഷയങ്ങളുടെ പ്രാധാന്യം ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നില്ല. ചില വിഷയങ്ങളെസംബന്ധിച്ച അല്പം പ്രസ്താവിക്കേണ്ടതുണ്ട്. രണ്ടാം പാട്ടിൽ അറബിഭാഷ ഉൾപ്പെടുത്താതിരിക്കുവാൻ കാരണം ബോധനഭാഷ അറബിയായിരിക്കുമെന്നതുകൊണ്ടാണ്. മുന്നു അറബിഭാഷാസാഹിത്യത്തിൽ സാമാന്യമായ അറിവ് നേടിയിരിക്കാൻ സാദ്ധ്യതയുള്ളതാണ് മറൊറാരു കാരണം. നാലാം പാട്ടിൽ അറബിസാഹിത്യത്തിന്റെയും, ഭാഷാശാസ്ത്രത്തിന്റെയും ഗ്രൂപ്പുകൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ടല്ലൊ?.

മലയാളവും, സംസ്കൃതവും നാം ഈ നാട്ടിൽ ജീവിക്കുന്നേടത്തോളം കാലം നമുക്ക് അവഗണിക്കാൻ കഴിയുന്നതല്ല. ഇവയിൽ വ്യുല്പത്തി നേടിയ ചിലരെങ്കിലും നമ്മുടെ പണ്ഡിതന്മാർക്കിടയിൽ ഉണ്ടായിരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്കാരം മലയാളഭാഷക്കിന്നും അജ്ഞാതമാണ്. ഈ ശൂന്യത നികത്തുവാൻ മതപാണ്ഡിത്യത്തിലും മലയാള ഭാഷാസാഹിത്യത്തിലും ദൃഢമായ കഴിവുള്ളവർക്കേ സാധിക്കുകയുള്ളൂ. നമ്മുടെ സംസ്കാരം പ്രതിഫലിക്കുന്ന സാഹിത്യസൃഷ്ടികൾ അവയുടെ കലാപരമായ ഉൽകൃഷ്ടതയിൽ ആകൃഷ്ടരായിട്ടെങ്കിലും മററുള്ളവർ വായിക്കേണം. മഗ്ദലനമറിയമും, ചണ്ഡാലഭിക്ഷുവും, ഋഗ്വേദപരിഭാഷയും ജാതിമതവ്യത്യാസമെന്യെ ആസ്വദിക്കപ്പെടുന്നുണ്ടെങ്കിൽ അവയുടെ സാഹിത്യപരമായ മികവുകൊണ്ടാണ്. മികച്ചസാഹിത്യകാരന്മാർ സമുദായത്തിലുണ്ടാകേണമെങ്കിൽ നാം മലയാളവും അതിന്റെ മാതാവായ സംസ്കൃതവും പഠിച്ചേ തീരൂ. മറ്റു ഭാഷകളുടെ പ്രാധാന്യവും, മൂന്നാം പാട്ടിലെ വിഷയങ്ങളുടെ പ്രാധാന്യവും സർവ്വാംഗീകൃതമായതുകൊണ്ട് അവയെക്കുറിച്ചൊന്നും പറയുന്നില്ല.

## തത്വശാസ്ത്രപഠനമെന്തിന്?.

ഈ വിഷയത്തിന്റെ പ്രാധാന്യം നമ്മുടെ മതവിദ്യാലയങ്ങൾ വേണ്ടത്ര കണക്കിലെടുക്കാറില്ലെന്ന തോന്നുന്നു. പലപ്പോഴും ആ വിഷയത്തോട് നീതി കാണിക്കാതെയാണ് അതഭ്യസിപ്പിക്കപ്പെടുന്നതും. യുക്തിചിന്തയുടെ കാലമാണിത്. എല്ലാ പ്രതിഭാസങ്ങളെയും യുക്തികൊണ്ട് അപഗ്രഥിക്കുവാനുള്ള ഒരു പ്രവണത വിദ്യാസമ്പന്നരിൽ മാത്രമല്ല പാമരന്മാരിൽപോലും കാണുന്നുണ്ട്. അതുകൊണ്ട് തത്വശാസ്ത്രപഠനത്തിന്റെ പ്രാധാന്യം നമുക്ക് അവഗണിച്ചുകൂടാ. പ്രത്യേകിച്ചും വിദ്യാസമ്പന്നർക്കും, വിവിധ മതക്കാർക്കുമിടയിൽ പ്രവർത്തിക്കേണ്ടി വരുന്നവർക്ക് ഇസ്ലാമിലെ എല്ലാ കാര്യങ്ങളും യുക്തിവിധേയമാണെന്നോ, യുക്ത്യതീതമായി യാതൊന്നുമില്ലെന്നോ വാദിക്കുന്നില്ല. പക്ഷെ യുക്തിയുടെ പരിമിതിയെ യുക്തികൊണ്ടുതന്നെ സ്ഥാപിക്കേണ്ടതുണ്ട്. നമ്മുടെ ഇൽമുൽകലാമിന്റെയും, ഫൽസഫയുടെയും പഴയ ഗ്രന്ഥങ്ങൾ ഇതിന്ന് പര്യാപ്തമല്ല. കാരണം അവയിലെ പല സിദ്ധാന്തങ്ങളും ഇന്ന കാലഹരണപ്പെട്ടതാണ്. അവയിന്മേൽ അധിഷ്ഠി



തമായ മതതത്വാനുമാനങ്ങൾകൊണ്ട് ഭദ്രത പോര. പുതിയ ഗ്രന്ഥങ്ങളെ നാം ആശ്രയിക്കേണ്ടതുണ്ട്. കാരണം കഴിഞ്ഞ നാലു നൂററാണ്ടുകളിലായി ഭൗതികശാസ്ത്രത്തിൽ വമ്പിച്ച മാററങ്ങളുണ്ടായിട്ടുണ്ട്. അനിവാര്യമായും തത്വശാസ്ത്രങ്ങളിൽ ഈ മാററം പ്രതിഫലിച്ചു. തത്വശാസ്ത്രമെന്നാൽ, ഒറ്റപ്പെട്ട ശാസ്ത്രനിഗമനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പൊതുനിയമങ്ങളുടെ സമാഹാരമാണ്. ശാസ്ത്രനിയമങ്ങളെ സിദ്ധാന്തവല്ക്കരിക്കുകയാണത് ചെയ്യുന്നത്.

തത്വശാസ്ത്രമെന്ന് കേൾക്കുമ്പോൾ അതു വെറും പദാർത്ഥവാദമാണെന്നു തെററിദ്ധരിക്കേണ്ടതില്ല. പദാർത്ഥവാദക്കാർ കൊട്ടിഘോഷിക്കുന്നതുപോലെ അത് തത്വശാസ്ത്രലോകത്തിലെ അംഗീകൃതപ്രസ്ഥാനമല്ല. മഹാന്മാരായ പല തത്വജ്ഞാനികളും ഇതിന്റെ പൊള്ളത്തരം തുറന്നു കാട്ടിയിട്ടുണ്ട്. കാൻറ്, ഹേഗൽ എന്നിവരുടെ സിദ്ധാന്തങ്ങളുടെ പ്രഹരം പദാർത്ഥവാദത്തിന്ന് താങ്ങാൻ കഴിയാത്തതായിരുന്നു. നമ്മുടെ തലമുറയിലെ ചിന്തകനായിരുന്ന ഐൻസ്റ്റീൻ പദാർത്ഥവാദത്തിന്റെ ശവപ്പെട്ടിയിന്മേൽ അവസാനത്തെ ആണി മേടിയ മഹാനാണ്. ഈ മഹാന്മാരുടെ സിദ്ധാന്തങ്ങളിൽനിന്നു മൂർച്ചയേറിയ പല ആയുധങ്ങളും നമുക്കു ലഭിക്കും. നാമതു ഉപയോഗിക്കുവാൻ തയ്യാറായാൽ മതി.

ശുഷ്കമായ രീതിയിലല്ല ഈ വിഷയം പഠിപ്പിക്കേണ്ടത്. വിവിധ തത്വശാസ്ത്രങ്ങളുമായുള്ള താരതമ്യപഠനം അവഗണിക്കാൻ പാടുള്ളതല്ല. ഹൈന്ദവദാർശനികസിദ്ധാന്തങ്ങളും, ക്രൈസ്തവതത്വശാസ്ത്രവുമായുള്ള താരതമ്യപഠനം നമ്മുടെ തത്വശാസ്ത്രത്തെസംബന്ധിച്ച ശരിയായ കാഴ്ചപ്പാട് ലഭിക്കുവാൻ സഹായിക്കും. പദാർത്ഥവാദത്തെക്കാളും ഉഗ്രമായ രീതിയിലാണ് ഹൈന്ദവദാർശനികസിദ്ധാന്തങ്ങളുടെ വെല്ലുവിളി നമ്മെ ഇന്നു അഭിമുഖീകരിച്ചിരിക്കുന്നത്. ആ തലത്തിൽതന്നെ നാം അതു് നേരിടേണ്ടതുണ്ട്. തത്വശാസ്ത്രപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കാനാണ് ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ചത്.

## പഠനസംവിധാനം

ഈ പാഠ്യപദ്ധതിയുടെ വിജയത്തിനു പാഠ്യരീതിയിൽ മാററംവരുത്തൽ അത്യാവശ്യമാണ്. പുസ്തകത്തിൽ ഊന്നിയുംകൊണ്ട് ഇന്നു കാണുന്ന അദ്ധ്യയനരീതിക്ക് പകരം വിഷയത്തിൽ ഊന്നിയും കൊണ്ടുള്ള രീതിയാണ് സ്വീകരിക്കേണ്ടത്. പക്ഷെ അതെല്ലാം പ്രായോഗികമാകേണമെങ്കിൽ വിഷയങ്ങളെ വകുപ്പുകളായി വേർതിരിക്കുകയും, ഓരോ വകുപ്പിലും അതിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരെ നിയമിക്കുകയും വേണം. പ്രസംഗരീതി അപ്പോഴെ വിജയപ്രദമാകയുള്ളൂ. നമ്മുടെ മതസ്ഥാപനങ്ങൾ ഈ വഴിക്ക് ചിന്തിക്കുമെന്ന് നമുക്കാശിക്കാം.

# ഇസ്ലാമിന്റെ വിശാലവീക്ഷണം

ഡോ: സഈദ് റമസാൻ (ഈജിപ്ത്)

ഇസ്ലാമിന്റെ പുനരാവിർഭാവം വാസ്തവത്തിൽ മനുഷ്യത്വത്തിന്റെ ഉയിർത്തെഴുന്നേല്പായിരുന്നു. മനുഷ്യജീവിതത്തിന്റെ സകല തുറകളിലും—വൈയക്തികജീവിതത്തിലും സാമൂഹ്യജീവിതത്തിലും—സ്വാധീനം ചെലുത്തുന്ന ഒരു സാർവ്വത്രികവിപ്ലവമാണ്, ഇസ്ലാമിന്റെ ഉദയം മുഖേന ലോകം കണ്ടത്. മനുഷ്യാത്മാവിനേയും മനുഷ്യജീവിതത്തേയും വിലങ്ങുവെച്ചിരുന്ന സാമൂഹ്യവും ആശയപരവുമായ സർവ്വവിധ അടിമത്തച്ചങ്ങലകളേയും പൊട്ടിച്ചെറിഞ്ഞ് മനുഷ്യന്നു അവന്റേതായ ജന്മാവകാശങ്ങൾ വകവെച്ചുകൊടുത്ത മഹത്തായൊരു വിപ്ലവം!.

ആശയാദർശങ്ങളുടെ മേഖലയാണ്, ഇസ്ലാമികവിപ്ലവത്തിന്റെ പ്രധാന രംഗം. മതപരമായ അന്ധവിശ്വാസങ്ങളിൽനിന്നും മിഥ്യാധാരണകളിൽനിന്നും അതു മനുഷ്യമനസ്സിനെ രക്ഷിച്ചു. ബഹുദൈവവിശ്വാസത്തിന്റെയും അവതാരസിദ്ധാന്തത്തിന്റെയും മാലിന്യങ്ങളിൽനിന്ന ദൈവം പരിശുദ്ധമാക്കപ്പെട്ടു. ദിവ്യത്വത്തിൽ യാതൊരു മദ്ധ്യവർത്തിയും ഇല്ലാതെ തന്നെ മനുഷ്യനു ദൈവവുമായി നിഷ്കളങ്കബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു.

കറയറ്റ ഏകദൈവവിശ്വാസം, മനുഷ്യനും ദൈവവും തമ്മിൽ പരിശുദ്ധമായ ബന്ധം ഇവയാണ് ശരിയായ മതവിഭാവനത്തിനും പൂർണ്ണമായ മനുഷ്യസ്വാതന്ത്ര്യത്തിനും ആധാരം. ഇവയുടെ അഭാവം മൂലമാണ് ആശയപരമായ വൈരുദ്ധ്യങ്ങളും അന്യായമായ അടിമത്തബോധവും ഉണ്ടാവുന്നത്. ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിൽ 'ഇടയാളന്മാരാ'യി ചമയുന്ന ജ്യോത്സ്യന്മാരുടേയും പുരോഹിതന്മാരുടേയും ചെയ്തികൾ മുഖേന സമൂഹത്തിൽ പൊട്ടിമുളക്കുന്ന അന്ധവിശ്വാസങ്ങൾ, മദ്ധ്യനൂററാണ്ടുകളിൽ നിഷ്കളങ്കപണ്ഡിതന്മാർക്കും സ്വതന്ത്രചിന്തകന്മാർക്കും അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ, യൂറോപ്പിൽ ദൈവത്തിന്റെ പ്രത്യേകക്കാരാണെന്ന് വാദിച്ചിരുന്ന വൈദികമേലാളന്മാരുടെ നേരെ പൊട്ടിപ്പുറപ്പെട്ട വിപ്ലവങ്ങൾ ഇവയെല്ലാം കാണുമ്പോൾ മതത്തെസ്സംബന്ധിച്ച പ്രസ്തുത യാഥാർത്ഥ്യം വളരെ ശരിയാണെന്ന് മനസ്സിലാക്കാം.

ചിന്താസ്വാതന്ത്ര്യം, ഇസ്ലാമിന്റെ സവിശേഷതകളിൽ സുപ്രധാനമായ ഒന്നാണ്. ദൈവത്തിന്റെ സ്വന്തക്കാരായി ആരുംതന്നെ ഇല്ല. അതിന്റെ ദൃഷ്ടിയിൽ. യൂറോപ്പിലും ഇന്ത്യയിലും മററു വിഗ്രഹാരാധക നാടുകളിലും മതത്തിന്റെ പേരിൽ അറിയപ്പെടുന്ന ജാതീയവും വർഗ്ഗീയവുമായ ചിന്താഗതികളൊന്നും ഇസ്ലാമിലില്ല.

സാമുദായികമായ എല്ലാവിധ പക്ഷപാതിത്വത്തിനുമെതിരിൽ യുദ്ധകാഹളം മുഴക്കിക്കൊണ്ടാണ് ഇസ്ലാം രംഗത്തു വന്നത്. ചിന്താസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം എന്നിവ അവയുടെ പൂർണ്ണമായ അർത്ഥത്തിൽ ജനങ്ങൾക്ക് സമ്മതിച്ചുകൊടുത്ത ഏക മതം ഇസ്ലാമാണ്.

"മതത്തിൽ നിർബ്ബന്ധമില്ലതന്നെ. സന്മാർഗ്ഗം ദുർമ്മാർഗ്ഗത്തിൽനിന്നും വേർതിരിഞ്ഞു കഴിഞ്ഞിട്ടുണ്ട്." (ഖു: 2-256)

"(ഓ, നബീ!) നിന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നപക്ഷം ഭൂമുഖത്തുള്ളവർ മുഴുവനും തന്നെ സത്യവിശ്വാസം കൈക്കൊള്ളുമായിരുന്നു. ആ സ്ഥിതിക്ക് മനുഷ്യർ സത്യവിശ്വാസം കൈക്കൊള്ളുന്നതിന്ന് നീ അവരെ നിർബ്ബന്ധിക്കുകയാണോ?" (ഖു: 10. 99).

മുസ്ലിംകളുടെ മതസഹിഷ്ണുത അതിവിശാലമാണ്. മതത്തിന്റെ പേരിലുള്ള അന്യായമായ വിവേചനങ്ങളെയെല്ലാം അത് ശക്തിയുക്തം എതിർക്കുന്നു. ഇസ്ലാമികസ്റ്റേററിൽ ഇതര ദൈവികമതസ്ഥർക്ക് പൂർണ്ണമായ വിശ്വാസസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും സമ്മതിച്ചുകൊടുക്കേണ്ടത് ഓരോ മുസ്ലിമിന്റെയും ചുമതലയാണ്. ഒരു മുഅ്മിനിന്ന് തന്റെ പ്രവാചകനിലും തന്റെ വേദഗ്രന്ഥത്തിലും മാത്രം വിശ്വസിച്ചാൽ പോര. പ്രത്യുത, മുൻകഴിഞ്ഞ എല്ലാ പ്രവാചകന്മാരിലും എല്ലാ വേദങ്ങളിലുംകൂടി വിശ്വസിക്കണം.

"പറയുക: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിക്കപ്പെട്ടതിലും ഇബ്രാഹിം, ഇസ്മായിൽ, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവർക്കും അവരുടെ സന്തതികൾക്കും അവതരിക്കപ്പെട്ടതിലും മൂസക്കും ഈസക്കും മറെറല്ലാ പ്രവാചകന്മാർക്കും അല്ലാഹുവിങ്കൽനിന്നു നല്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവർക്കിട

യിൽ വിവേചനം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്നു മാത്രം അനുസരിച്ചു കീഴടങ്ങിയിരിക്കുന്നവരാകുന്നു. (ഖു: 2–136)

ഇസ്ലാമിൽ യുദ്ധത്തിന്നുള്ള കല്പന വന്നപ്പോൾ അതിന്റെ യുക്തിയെ എടുത്തു കാണിച്ചുകൊണ്ട് ഖുർആൻ പ്രസ്താവിച്ചു.

"അങ്ങോട്ട് യുദ്ധംചെയ്യപ്പെട്ടവർക്ക് അവർ മർദ്ദിതരാണെന്ന കാരണംകൊണ്ട്–ഇതാ യുദ്ധത്തിന്ന് അനുമതി നല്കുന്നു. അല്ലാഹു അവരെ സഹായിക്കുവാൻ ശക്തിയുള്ളവനത്രെ. യാതൊരു ന്യായവും കൂടാതെ തങ്ങളുടെ വീടുകളിൽനിന്ന് ബഹിഷ്കരിക്കപ്പെട്ടവർ (ആണവർ). ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്നു അവർ പറഞ്ഞിരുന്നുവെന്നതല്ലാതെ (അവർ ഒരു കുറ്റവും ചെയ്തിരുന്നില്ല) ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് തടഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന (പുരോഹിത)മഠങ്ങളും (ക്രിസ്തീയ)ചർച്ചുകളും (ജൂതദേവാലയങ്ങളും) (മുസ്ലിം) പള്ളികളും നശിപ്പിക്കപ്പെട്ടേനെ." (ഖു: 22–39, 40)

ഇതിൽ, പുരോഹിതമഠങ്ങളേയും ക്രിസ്തീയ ചർച്ചുകളേയും ജൂതദേവാലയങ്ങളേയും മുസ്ലിംപള്ളികൾക്ക് മുമ്പ് പറഞ്ഞതിൽ പ്രത്യേക ഉദ്ദേശമുണ്ട്. ഇസ്ലാമിന്ന് ഇതരമതങ്ങളോട് യാതൊരു ശത്രുതയുമില്ലെന്നു മാത്രമല്ല, അത് അവയെ മാനിക്കുകയും അവയുടെ ആരാധനാസ്ഥലങ്ങളേയും മററും ആദരിക്കുകയും സംരക്ഷിക്കുകയും കൂടി ചെയ്യുന്നുവെന്നതാണത്. ദൈവനിയുക്തമായ മതങ്ങളുടെ കാര്യത്തിലാണ് ഇത്രയും പറഞ്ഞത്. ദൈവികമല്ലാത്ത മതങ്ങളേയും ഒരു പരിധിവരെ മാനിക്കണമെന്നാണ് ഇസ്ലാമികനിയമം. ആദർശത്തിൽ സമ്മർദ്ദം ചെലുത്തുകയോ മതത്തിന്നെതിരിൽ തടസ്സം വലിച്ചിടുകയോ ചെയ്യാതിരിക്കുന്ന കാലത്തോളം ബഹുദൈവവിശ്വാസികൾക്കും ഇസ്ലാമികസമൂഹത്തിൽ പൂർണ്ണസംരക്ഷണം നല്കപ്പെടുന്നതാണ്.

("ഓ, നബി!) ബഹുദൈവവിശ്വാസികളിൽ ഒരാൾ അഭയം തേടിക്കൊണ്ടു നിന്നെ സമീപിച്ചാൽ അല്ലാഹുവിന്റെ വചനങ്ങൾ കേട്ട് (ഗ്രഹിക്കു)ന്നതുവരെ, അവന്ന് നീ അഭയം നല്കുക. പിന്നീട് അവന്ന് നിർഭയം ജീവിക്കാവുന്ന സ്ഥലത്ത് അവനെ എത്തിച്ചു കൊടുക്കുക. അത് (അങ്ങിനെ ചെയ്യാൻ നിന്നോട് കല്പിച്ചത്) എന്തുകൊണ്ടെന്നാൽ അവർ അറിവില്ലാത്ത ഒരു ജനതയത്രെ". (ഖു; 9–6)

ഇസ്ലാമിന്റെ വിശാലവീക്ഷണമാണ് ഇതിൽ നാം കാണുന്നത്. ഇതിന്നു തുല്യമായി മറ്റൊരു വീക്ഷണവും ഉണ്ടായിട്ടില്ലെന്നതിന്ന് ഇന്നുവരെയുള്ള ചരിത്രം സാക്ഷിയാണ്. കമ്യൂണിസ്റ്റ്നാടുകളിൽ 'ചരിത്രത്തെ കേവലഭൗതികതയിലൂടെ വ്യാഖ്യാനിക്കുക' എന്ന സിദ്ധാന്തത്തെ അംഗീകരിക്കാത്തവർക്ക്—കാറൽമാർക്സിനേയും ലെനിനേയും മാതൃകാപുരുഷന്മാരായി



സ്വീകരിക്കാത്തവർക്ക്–തീരെ സ്ഥാനമില്ല എന്നത് ഒരു യാഥാർത്ഥ്യമല്ലേ? !.

യാതൊരു വിധവർഗ്ഗ–വർണ്ണ–വിവേചനവും ഇസ്ലാമിലില്ല. ഇസ്ലാമിന്റെ പിറവിയോടെ മനുഷ്യരെല്ലാം സമന്മാരായും വർഗ്ഗങ്ങളെല്ലാം തുല്യമായും കണക്കാക്കപ്പെട്ടു. വംശപരവും മററുമായ പക്ഷപാതിത്വങ്ങളുടെ കൃത്രിമദൈവങ്ങൾ തകർക്കപ്പെട്ടു. ശ്രേഷ്ഠതക്ക് നിദാനമായി ഒരേ ഒരു മാനദണ്ഡം മാത്രം സ്വീകരിക്കപ്പെട്ടു. ദൈവഭക്തി, അഥവാ സൽകർമ്മം. വർഗ്ഗവുമായോ വർണ്ണവുമായോ അതിന്ന് യാതൊരു ബന്ധവുമില്ല.

"മനുഷ്യരേ! ഒരേ സ്ത്രീയിൽനിന്നും പുരുഷനിൽനിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നത്. (പിന്നീട്) നാം നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കി തിരിച്ചിരിക്കുന്നത് നിങ്ങൾ അന്യോന്യം മനസ്സിലാക്കുവാൻ വേണ്ടിയാണ്. നിങ്ങളിൽവെച്ച് അല്ലാഹുവിങ്കൽ ഏററവും മാന്യൻ നിങ്ങളിൽ (ജീവിതത്തിൽ) ഏററവുമധികം സൂക്ഷ്മതയുള്ളവനാണ്." (ഖു: 49–13)

"ഏതെങ്കിലും തരത്തിലുള്ള പക്ഷപാതിത്വത്തിലേക്ക് മററുള്ളവരെ ക്ഷണിക്കുകയോ അതിന്നു വേണ്ടി പൊരുതുകയോ അതിന്റെ പേരിൽ മരിക്കുകയോ ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല."

(ഹദീസ്, അബൂദാവൂദ്)

പതിമൂന്ന് നൂററാണ്ടുകൾക്ക് മുമ്പ്, ഇസ്ലാമികാധിപത്യകാലത്തു വിവിധ വർഗ്ഗങ്ങളും വിഭിന്ന വർണ്ണക്കാരും വ്യത്യസ്ത ഭാഷക്കാരുമടങ്ങുന്ന ആ ജനവിഭാഗം എത്ര സമാധാനത്തിലും സന്തോഷത്തിലുമാണ് ഇസ്ലാമികസ്റ്റേററിൽ കഴിഞ്ഞുകൂടിയത്!. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ആ ഇത്തരമൊരു ചരിത്രം ഇസ്ലാമിലല്ലാതെ എവിടെ കാണും?. പുരോഗതിയുടെ ഉച്ചിയിലെത്തിയ അമേരിക്കയിൽ വർണ്ണവിവേചനം ഇന്നും ഒരു തീരാപ്രശ്നമല്ലേ? തെക്കെ ആഫ്രിക്കയിൽ ഇത്തരത്തിലുള്ള കൃത്രിമവിഭജനത്തിന്റെ പേരിൽ എത്രയെത്ര മനുഷ്യാത്മാക്കൾ കുരുതി കൊടുക്കപ്പെട്ടു! നാസിസം വർഷങ്ങളോളം ആര്യവർഗ്ഗീയചിന്താഗതിയിൽ ഊന്നിക്കൊണ്ടല്ലേ നിലനിന്നത്!. എന്തിനേറെ, ദൈവം തിരഞ്ഞെടുത്ത, അവന്റെ സ്നേഹത്തിന്ന് പാത്രമായ ഒരേ ഒരു വർഗ്ഗം തങ്ങളാണെന്നല്ലെ ജൂതന്മാർ ഇന്നും വാദിച്ചുകൊണ്ടിരിക്കുന്നത്?.

(വിവ: എം. മുഹമ്മദ്,
എ. എം. എ. കോളേജ്)

# "അത്തഖ്ലീദ്"

എസ്സ്. എം. ഐദീദ്

"നാലിലൊരു മദ്ഹബ് സ്വീകരിച്ചിരിക്കണം, എന്നാലേ മുസ്ലിമാവൂ" എന്നൊരു തെററായ ധാരണ കുറേ കാലമായി മുസ്ലിംസമുദായത്തിൽ കടന്നുകൂടിയിട്ട്. ഒരു കൂട്ടം പണ്ഡിതന്മാരാണ് ഇതിന്റെ പ്രണേതാക്കൾ എന്നതത്രെ കൂട്ടത്തിൽ രസാവഹം.

ഇന്നു മുസ്ലിംകളിൽ കാണപ്പെടുന്ന ചിന്താരാഹിത്യത്തിൻെറയും, മ്ലാനതയുടേയും മുഖ്യ കാരണം പ്രസ്തുത ധാരണയാണ്.

ഖുർആനിൻെറയും, സുന്നത്തിൻെറയും പ്രബോധനമനുസരിച്ച് ജീവിക്കാൻ കല്പിക്കപ്പെട്ടവരാണ് മുസ്ലിംകൾ. അവരുടെ സമസ്താധാരവും അവ രണ്ടുമാണ്. ഈ വസ്തുത വിസ്മരിച്ച്, ഇതരപ്രസ്ഥാനങ്ങളും, ചിന്താഗതിയും പിൻപറ്റി, ഖുർആനിനേയും, സുന്നത്തിനേയും 'ബർക്കത്തി'നുവേണ്ടി മാത്രം പാരായണം ചെയ്യുന്ന ഒരവസ്ഥയിലേക്കാണ് മുസ്ലിംസമുദായം എത്തിയിരിക്കുന്നത്. അല്ലാഹുവിൻെറ കിത്താബും, റസൂലിന്റെ ചര്യയും ഒരു കോട്ടവും തട്ടാതെ ഇന്നും നമ്മിൽ അവശേഷിക്കുന്നുണ്ടെങ്കിലും, ഇന്നത്തെ പണ്ഡിതന്മാർക്കോ, സാധാരണക്കാരന്നോ അതിന്റെ ഒരാവശ്യവുമില്ല. അവർക്ക് വേണ്ടത് മദ്ഹബും ഇമാമീങ്ങളുടെ അഭിപ്രായങ്ങളുമാണ്. ഇതിലപ്പുറം മറെറന്തൊരു ഗതികേടാണ് സമുദായത്തിന്ന് വരാനുള്ളത്?

ഈയൊരു പ്രവണത തെററാണെന്നും, നമ്മുടെ പ്രശ്നങ്ങളഖിലവും ഖുർആനും, ഹദീസും നോക്കിയാണ് പരിഹരിക്കേണ്ടതെന്നും



ആരെങ്കിലും പറഞ്ഞുപോയാൽ അവൻ പിഴച്ചുപോയി! പുത്തൻ ആദർശക്കാരനായി മാറി!!

എന്നാൽ തങ്ങളുടെ വിശ്വാസാചാരങ്ങൾ അല്ലാഹുവിൻെറയും റസൂലിന്റെയും, കല്പനപ്രകാരവും, 'സലഫുസ്സാലിഹീ'ങ്ങളുടെ മാതൃകയും അനുസരിച്ചാണെന്നതിന്നു അവക്കൊരു രേഖയും ഉദ്ധരിക്കാനില്ല എന്നതത്രെ വാസ്തവം. ഫലത്തിൽ അവരതു സമ്മതിക്കുകയും ചെയ്യുന്നുണ്ട്.

അവർക്ക് പറയാനുള്ളത് മററു ചില ന്യായങ്ങളാണ്.

'ഖുർആൻ അതിവിപുലവും, വിശാലവുമായൊരു സമുദ്രമാണ്; അതിന്റെ അഗാധഗർത്തത്തിലിറങ്ങി വിധികൾ കണ്ടുപിടിക്കാൻ തക്ക പാണ്ഡിത്യമോ, കഴിവോ ഞങ്ങൾക്കില്ല; മഹാരഥന്മാരായ പണ്ഡിതന്മാർ അതിൽനിന്നും കോരിയെടുത്തു് ആസ്വദിക്കുക മാത്രമേ ഞങ്ങൾക്ക് കഴിയുകയുള്ളൂ; ഇമാമീങ്ങളല്ലാതെ ഖുർആനിൽനിന്നും വിധികൾ കണ്ടുപിടിക്കുന്ന പക്ഷം വഴി പിഴച്ചുപോവും' എന്നെല്ലാം.

അവർ പറയുന്നതിന്റെ അർത്ഥമിതാണ്. അഞ്ചാം നൂററാണ്ടിന്നു ശേഷം പേരിലല്ലാതെ ഖുർആൻ അർത്ഥത്തിൽ പ്രായോഗികമല്ല. സാധാരണക്കാരന്റെ ഒരു വേദഗ്രന്ഥവുമല്ല അത്. ഇന്നു നമ്മുടെ മുമ്പിലുള്ള ഖുർആൻ മഹാന്മാരായ പണ്ഡിതന്മാർ സത്തെടുത്തുകളഞ്ഞ വെറും ചവറാണ് !!

എന്നാൽ യഥാർത്ഥം നേരെ മറിച്ചാണ് ഖുർആൻ സർവ്വ ചരാചരങ്ങൾക്കും മാതൃക കാണിക്കാൻ അവതരിച്ച വേദഗ്രന്ഥമാകുന്നു. മനുഷ്യനു ചിന്തിക്കാനും, പാഠങ്ങളുൾക്കൊള്ളാനും പററിയ രൂപത്തിൽ ലളിതമാണ്, അതിന്റെ പ്രതിപാദനം. ഒരു مُطْلَق മുജ്തഹിദിന്നു മാത്രമെ ഖുർആൻ കൈകാര്യം ചെയ്യാവൂ എന്ന പൗരോഹിത്യസിദ്ധാന്തം ഖുർആനിൻെറ വ്യക്തമായ ബോധനത്തിന്നെതിരാണ്. അല്ലാഹു പറയുന്നു:

وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ
فَهَلْ مِنْ مُدَّكِرٍ ۝

'ഖുർആൻ ചിന്തിക്കാൻ സാധിക്കും വിധത്തിൽ ലളിതമാണ്, ചിന്തിക്കുന്നവരാരുമില്ലെ?' എന്നാണ്.

മുനാഫിഖുകളെയും, മുശ്രിക്കുകളെയും അഭിസംബോധന ചെയ്തുകൊണ്ടും, അവർക്ക് വായിച്ചുകൊടുക്കാൻ കല്പിച്ചുകൊണ്ടും നിരവധി സൂക്തങ്ങൾ അവതരിച്ചിട്ടുണ്ട്. അവരാരും ഇസ്ലാമിൻെറ മൂലപ്രമാണങ്ങൾ ഹൃദിസ്ഥമാക്കിയിരുന്നവരോ, ഭാഷാസാഹിത്യത്തിന്റെ ഔന്നിത്യത്തിലെത്തിയിരുന്നവരോ ആയിരുന്നില്ല. അഥവാ ഇന്നത്തെ പൗരോഹിത്യഭാഷയിൽ പറഞ്ഞാൽ مُطْلَقًا مُجْتَهِد കളായിരുന്നില്ല.

അല്ലാഹു പറയുന്നതു നോക്കുക.

أفلا يتدبرون القرآن ولو كان من عند غير الله لوجدوا فيه اختلافا كثيرا ۔ (نساء)

ഖുർആനിനെസംബന്ധിച്ച അവർ ചിന്തിക്കുന്നില്ലെ? ദൈവേതരഗ്രന്ഥമാണ് അതെങ്കിൽ, ധാരാളം ഭിന്നാഭിപ്രായങ്ങൾ ഖുർആനിൽ അവർ കാണുമായിരുന്നു."

ഇതിന്റെ വ്യാഖ്യാനത്തിൽ, വിശ്വവിശ്രുതനായ ഖുർആൻ വ്യാഖ്യാതാവ് امام رازی പറയുന്നു:

"നബി (സ)ക്കും, 'മഅ്സൂമാ'യ ഇമാമിന്നും മാത്രമേ ഖുർആൻ മനസ്സിലാവൂ എന്നു പറയുന്നവർക്കെതിരായി, എല്ലാവർക്കും ഗ്രഹിക്കാവുന്ന വിധത്തിൽ. ഖുർആൻ വ്യക്തമാണെന്നതിനെ ഈ ആയത്ത് കുറിക്കുന്നു. നേരെമറിച്ചായിരുന്നെങ്കിൽ, അല്ലാഹു മുനാഫിഖുകളോട് ഖുർആനിലൂടെ ചിന്തിക്കാൻ കല്പിക്കുകയോ, ചിന്തിച്ചിട്ടവർക്ക് പ്രയോജനം ഉണ്ടാവുകയോ ഇല്ലായിരുന്നു."

( تفسير الكبير ص ٣٩٩—٣ )

തുടന്നു അദ്ദേഹം പറയുന്നു:

"ലക്ഷ്യങ്ങൾ നോക്കലും, ചിന്തിക്കലും നിർബ്ബന്ധമാണെന്നും, അന്ധമായ അനുകരണം (تقليد) നാശമാണെന്നും ഈ സൂക്തം തെളിയിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു മുനാഫിഖുകളോട് ഖുർആനിലൂടെ പ്രവാചകത്വത്തിന്റെ സാധുതയെപ്പററി ചിന്തിക്കാനാണ് കല്പിക്കുന്നത്."

ഖുർആനിൻേറയും സുന്നത്തിന്റെയും ഏതു വശങ്ങളെടുത്തു പരിശോധിച്ചാലും, മുസ്ലിംകളുടെ അഭിപ്രായഭിന്നതയും, മററിതര കാര്യങ്ങളും പരിഹരിക്കാൻ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാനും, അതിൽനിന്നു വിധികൾ കണ്ടുപിടിക്കാനുമാണ് പരസ്യമായി ഉൽബോധിപ്പിക്കുന്നത്. ബഹുമാന്യരായ ഇമാമീങ്ങളും ഇതുതന്നെയാണ് പറയുന്നത്. മതവിധി തേടുന്നേടത്ത് ആര് പറയുന്നതും അന്ധമായി അനുകരിച്ചു പോവരുതെന്ന് വ്യക്തമായ ഭാഷയിൽ അവർ മുന്നറിയിപ്പും തന്നിട്ടുണ്ട്. ഈ വിഷയകമായി അവരുടെ اِجْمَاع (ഐകാഭിപ്രായം) സ്ഥാപിതമായിട്ടുണ്ട്.

ഈ തഖ്ലീദെന്താണെന്നും, ഖുർആനും സുന്നത്തും എന്താണ് നമ്മോട് കല്പിക്കുന്നതെന്നും, ഇമാമീങ്ങളും പണ്ഡിതന്മാരും തഖ്ലീദിനെസംബന്ധിച്ചു എന്തു പറയുന്നു എന്നും നോക്കാം.

തഖ്ലീദിന്റെ ഭാഷാർത്ഥം "ആലോചനയില്ലാതെ പിൻപററൽ" എന്നാണ്.

അതിൻെറ സാങ്കേതികാർത്ഥം ഇമാം ഗസ്സാലിയുടെ ഭാഷയിൽ



التقليد هو قبول قول بلاحجة مستصفى

ص ١٣٢—٢

"ലക്ഷ്യം കാണാതെ ഒരഭിപ്രായം സ്വീകരിക്കുക" എന്നാണ്. പള്ളിദർസുകളിൽ പഠിപ്പിച്ചുവരുന്ന جمع الجوامع ലും ഇതുതന്നെയാണ് പറയുന്നത്.

اخذ القول من غير معرفة دليله

ص ٤١١

"ഒരാളുടെ അഭിപ്രായം ലക്ഷ്യമറിയാതെ സ്വീകരിക്കുക."

ഈ വിവക്ഷയനുസരിച്ച് ഒരാളെ പിൻപററുന്ന പക്ഷം ദീനിൽ അദ്ദേഹത്തെ വിധിവിലക്കുകൾക്കധികാരമുള്ള ഒരു പ്രത്യേക വ്യക്തിയാക്കി വെക്കുകയാണ് ചെയ്യുന്നത് എന്നോർക്കണം. ഈ അധികാരം ഇസ്ലാമിൽ അല്ലാഹുവിന്നും റസൂലിന്നും മാത്രമേയുള്ളൂ. അതിനാൽ ഈ അർത്ഥത്തിലൂടെ മുസ്ലിംകൾക്ക് ആരേയും പിൻപററിക്കൂടാ; അതു മതവിരുദ്ധവുമാണ്.

മതകാര്യത്തിൽ ആരെന്തു അഭിപ്രായം പറഞ്ഞാലും അതെന്തിന്റെ അടിസ്ഥാനത്തിലാണെന്നും, അദ്ദേഹം പറഞ്ഞതു് അടിയുറപ്പുള്ളതാണോ എന്നും ലക്ഷ്യത്തിൻെറ അടിസ്ഥാനത്തിൽ പരിശോധിക്കുക തന്നെ വേണം. നബി (സ)യുടെ കാലശേഷം സഹാബത്തും, താബിഈങ്ങളും അതാണ് ചെയ്തിരുന്നത്.

ഇപ്പറഞ്ഞതു് പണ്ഡിതന്മാർക്കേ സാധിക്കുകയുള്ളുവെങ്കിൽ പാമരന്മാർക്ക് മറെറാരു കർത്തവ്യമുണ്ട്. ഖുർആനിൻേറയും, നബിചര്യയുടേയും വെളിച്ചത്തിൽ ഫത്ത്‌വ നല്ലാനാവശ്യപ്പെടണം. ഒരാളുടെ ഫത്ത്‌വാക്കെതിരിൽ മറെറാരു പണ്ഡിതൻ കൂടുതൽ ലക്ഷ്യങ്ങൾ നിരത്തി വിധി നല്കുന്നപക്ഷം, കൂടുതൽ സ്വീകാര്യമായതു് ഏതാണോ അതു് തിരഞ്ഞെടുക്കണം. അതാണ് വേണ്ടതു്. അപ്പോൾ 'തഖ്ലീദ്' എന്നൊരു പ്രശ്നം ഉത്ഭവിക്കുകയുമില്ല.

അല്ലാഹു കല്പിക്കുന്നതും ഇതുതന്നെ:

اِتَّبِعُوا مَا أُنْزِلَ اِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ اَوْلِيَاءَ ۔ (اعراف ٣)

"അല്ലാഹുവിങ്കൽനിന്നു നിങ്ങൾക്കവതരിപ്പിക്കപ്പെട്ട (ഖുർആനിനെ)തിനെ പിൻപററുക, അവനല്ലാത്ത മററു രക്ഷാകർത്താക്കളെ പിൻപററിപ്പോകരുത്."

فَاِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ اِلَى اللهِ وَالرَّسُولِ ۔

"വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിക്കുന്ന പക്ഷം അതു് അല്ലാഹുവിങ്കലേക്കും റസൂലിലേക്കും മടക്കുവിൻ".

وَأَنَّ هٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ذٰلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَتَّقُونَ ۝ (انعام ۱۵۳)

"എന്റെ ചൊവ്വായ മാർഗ്ഗമിതാ. അതിനെ നിങ്ങൾ പിന്തുടരുവിൻ. മറ്റു മാർഗ്ഗങ്ങളൊന്നും പിൻപററിപ്പോകരുത്. (അങ്ങിനെ ചെയ്യാത്തപക്ഷം) നിങ്ങൾ ചൊവ്വായ മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുപോവും. നിങ്ങൾ സൂക്ഷ്മതയുള്ളവരായിത്തീരാൻവേണ്ടി ഇതാണ് അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നത്."

وَكَيْفَ تَكْفُرُونَ وَأَنْتُمْ تُتْلَىٰ عَلَيْكُمْ آيَاتُ اللَّهِ وَفِيكُمْ رَسُولُهُ وَمَنْ يَعْتَصِمْ بِاللَّهِ فَقَدْ هُدِيَ إِلَىٰ صِرَاطٍ مُسْتَقِيمٍ ۝ (آل عمران ۱۰۱)

"നിങ്ങളെങ്ങിനെയാണ് നിഷേധികളാവുന്നത്? നിങ്ങൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യപ്പെടുന്നുണ്ട്. അവന്റെ പ്രവാചകനും നിങ്ങളിലുണ്ട്. ആരെങ്കിലും അല്ലാഹുവിന്റെ പാശം (ഖുർആൻ) മുറുകെ പിടിക്കുന്ന പക്ഷം അവൻ ചൊവ്വായ മാർഗ്ഗത്തിലേക്ക് നയിക്കപ്പെടും."

ഇതേ അർത്ഥത്തിലുള്ള നിരവധി ആയത്തുകൾ ഖുർആനിലുണ്ട്. എല്ലാം അല്ലാഹുവിന്റെ കിത്താബും, നബിചര്യയും മുറുകെ പിടിക്കാനും, അതല്ലാത്ത മറ്റെന്തും ഉപേക്ഷിക്കാനുമാണ് ഉൽബോധിപ്പിക്കുന്നത്.

നബി (സ)യും പറയുന്നു.

تركت فيكم امرين لن تضلوا ما تمسكتم بهما كتاب الله وسنة رسوله (مالك في الموطاء)

"ഞാൻ നിങ്ങളിൽ രണ്ടു കാര്യങ്ങൾ വിട്ടേച്ചുപോവുന്നു. അവ മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ പിഴച്ചുപോവുകയില്ല. അല്ലാഹുവിന്റെ കിത്താബും, റസൂലിന്റെ ചര്യയുമത്രെ അത്."

عن جابر رض قال قال رسول الله صلعم فان خير الحديث كتاب الله وخير الهدى هدى محمد صلعم وشر الامور محدثاتها (مسلم)

"വചനങ്ങളിൽവെച്ചു ശ്രേഷ്ഠമായതു് അല്ലാഹുവിന്റെ കിത്താബും, ചര്യകളിൽവെച്ചു ഉത്തമമായതു് മുഹമ്മദ്നബി (സ) യുടെ ചര്യയുമാകുന്നു. നൂതനമായ കാര്യങ്ങളത്രെ ഏററവും ചീത്ത."



عن عبدالله بن عمر قال قال رسول الله صلعم ...... وتفترق امتى على ثلاث وسبعين ملة كلهم فى النار الا ملة واحدة قالوا من هي يا رسول الله قال ما انا عليه واصحابى

(رواه الترمذى— مشكوة صف ۳۰)

"എന്റെ സമുദായം എഴുപത്തിമൂന്നു സംഘങ്ങളായിത്തീരും. അവയിൽ ഒന്നൊഴികെ ബാക്കി എഴുപത്തിരണ്ടും നരകത്തിലാകുന്നു. ആ ഒന്ന് ഏതാണെന്ന് സഹാബത്തു് ചോദിച്ചു. "ഞാനും എന്റെ അനുചരന്മാരും ഏതിലാണോ അതാണെ'ന്ന് അവിടുന്ന് പ്രതിവചിച്ചു."

ഹദീസുഗ്രന്ഥങ്ങളെടുത്തു പരിശോധിച്ചാലും തഖ്‌ലീദ്‌വാദികൾക്ക് പ്രതികൂലമായേ കാണൂ. അവയിലൊന്നുംതന്നെ, ഏതെങ്കിലുമൊരു "ത്വരീഖത്തോ", മദ്ഹബോ പിടിച്ചു നിന്നാലേ രക്ഷയുള്ളുവെന്നതു് ഇല്ലതന്നെ.

ഇന്നത്തെ തഖ്‌ലീദ്‌സിദ്ധാന്തത്തിന്റെ അപാകത കാണണമെങ്കിൽ ഒരേയൊരു കാര്യത്തെസംബന്ധിച്ച് നാല് മദ്ഹബിലുമുള്ള ഭിന്നതകൾ ശ്രദ്ധിച്ചാൽ മതി. ശാഫിഈമദ്ഹബിൽ പറയുന്നതു് നായ نجس ആണെന്നും, സ്പർശിച്ചേടത്തു ഏഴു പ്രാവശ്യം കഴുകണമെന്നുമാണ്. എന്നാൽ ഇമാം മാലികിന്റെ മദ്ഹബിലാവട്ടെ നായയെ തിന്നുകകൂടി ചെയ്യാം.

ഇതൊരു ഉദാഹരണത്തിന്നു എടുത്തുകാട്ടിയെന്നേ ഉള്ളൂ. മദ്ഹബിന്റെ ഇമാമീങ്ങൾ ഭിന്നിക്കാത്ത ഒരൊററ മസ്അലയും ഇല്ലാ എന്നതാണ് പരമാർത്ഥം. മിക്കതും ഇസ്ലാമിന്റെ നാരായ വേരിനെ ബാധിക്കുന്നവയുമാണ്. ഇതു് അല്ലാഹുവിന്റെ പരിശുദ്ധതക്കും, മഹത്വത്തിന്നും നേരെയുള്ള ഒരു വെല്ലുവിളിയാണ്. അല്ലാഹു പറയുന്നതു്

وَلَوْ كَانَ مِنْ عِنْدِ غَيْرِ اللَّهِ لَوَجَدُوا فِيهِ اخْتِلَافًا كَثِيرًا

"ഈ ഖുർആൻ അല്ലാഹു അല്ലാത്തവരിൽ നിന്നായിരുന്നെങ്കിൽ, എമ്പാടും ഭിന്നാഭിപ്രായങ്ങൾ അവരിതിൽ കാണുമായിരുന്നു."

ഇതിൽനിന്നും ബഹുമാന്യരായ ഇമാമീങ്ങളെ ആക്ഷേപിച്ചെന്നോ, അവർ ഇസ്ലാമിൽ തെറ്റായ വിശ്വാസങ്ങൾ പ്രചരിപ്പിച്ചെന്നോ ആരും തെററിദ്ധരിക്കരുത്. ആ വിഷയകമായി വ്യക്തമായ ലക്ഷ്യം അവർക്ക് കിട്ടിയിരുന്നില്ല അതുകൊണ്ടാണ് പരസ്പരവ്യത്യാസമുള്ള അഭിപ്രായങ്ങൾ അവർ പറഞ്ഞതെന്ന് വേണം മനസ്സിലാക്കാൻ. ഇമാമീങ്ങൾ അവർക്ക് മതിയായ ലക്ഷ്യം കിട്ടിയപ്പോൾ അവരുടെ ധാരാളം അഭിപ്രായങ്ങൾ തിരുത്തിയിട്ടുമുണ്ട്. ആ ഇനത്തിൽ പെട്ടതാണ് ഇമാം ശാഫിയുടെ جديد ഉം قديم മായ അഭിപ്രായങ്ങൾ.

ശ്രദ്ധേയമായ മറെറാരു കാര്യം, ഇമാമീങ്ങളുടെ കാലത്ത് ഇന്നത്തെപ്പോലെ ഹദീസുകളൊന്നും ക്രോഡീകരിക്കപ്പെട്ടിരുന്നില്ല എന്നതാണ്. ഏതെങ്കിലുമൊരു പ്രശ്നത്തിന്നു ഒരു ഹദീസ് കിട്ടണമെങ്കിൽ ദീർഘിച്ചതും, ക്ലേശകരവുമായ ഒരു യാത്രതന്നെ നടത്തേണ്ടിയിരുന്നു. അന്നു മുസ്ലിംകളോടൊപ്പം ഹദീസും നാട്ടിന്റെ നാനാ ഭാഗത്തും പരന്നു കിടക്കുകയായിരുന്നു. നിരന്തരമായ യുദ്ധങ്ങളും, ആഭ്യന്തരകലാപങ്ങളും കാരണം ചിലർ ആഫ്രിക്കയുടെ ഇരുണ്ട വനാന്തരങ്ങളിൽ പോലും ഒളിച്ചിരുന്നു. കാര്യമായ മൂന്നോ നാലോ ഹദീസ് അവരുടെ കൂടെയും ഉണ്ടായിരിക്കും. ഇവരെയെല്ലാം സമീപിച്ചു ഹദീസ് ശേഖരിക്കുക എന്നത് ഒന്നോ, രണ്ടോ വ്യക്തികൾ ആയുഷ്ക്കാലം മുഴുവൻ മിനക്കെട്ടാലും സാദ്ധ്യവുമല്ല. ഈയൊരു വിഷമം ഇമാമീങ്ങളുടെ കാലത്തുണ്ടായിരുന്നു. ഇക്കാരണങ്ങൾകൊണ്ടു തന്നെയാണ് ഹനഫീമദ്ഹബിൽ കള്ളുകുടി ഒരു പരിധിവരെ അനുവദനീയമായതും! ആ വിഷയത്തിൽ ഇമാം ശാഫിഈ (റ) ഒരു പടി മുന്നോട്ടാണെങ്കിൽ സക്കാത്തിന്റെ പ്രശ്നത്തിൽ ഒരു നാലടി പിന്നിലാണ്! ഹനഫിക്കാരൻ വളരെ പുരോഗമിക്കുകയും ചെയ്തു.

ബഹുമാന്യരായ ഇമാമീങ്ങളുടെ കാലശേഷമാണ് ഹദീസുവിജ്ഞാനം മുസ്ലിംകളുടെ സമഗ്രമായ പഠനത്തിന്നും; ശേഖരണത്തിന്നും ഇരയായത്. ഹദീസു ശേഖരിക്കാൻ ഒരുകൂട്ടം പണ്ഡിതന്മാർ തന്നെ ഇറങ്ങിത്തിരിച്ചു. ഇസ്ലാമികലോകത്തിന്റെ മുക്കിലും മൂലയിലും കയറിയിറങ്ങി ഹദീസുകളെല്ലാം തേടിപ്പിടിച്ചു. നമ്മുടെ മുമ്പിൽ ഇന്നുള്ള എല്ലാ ഹദീസുഗ്രന്ഥങ്ങളും ഇക്കാലത്താണ് രൂപംകൊണ്ടത്.

അതിനാൽ ഏതെങ്കിലുമൊരു ഇമാമിന്റെ അഭിപ്രായത്തിന്നെതിരായി സഹീഹായ ഹദീസ് കണ്ടാൽ ആ ഹദീസ് ഇമാമിന്നു കിട്ടിയിട്ടില്ല എന്നു വിചാരിക്കാനല്ലാതെ ഇമാമിന്റെ അഭിപ്രായം അവിടെ സ്വീകരിച്ചുകൂടാ. ബഹുമാന്യരായ ആ പണ്ഡിതശ്രേഷ്ഠരോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ അതാണ് ചെയ്യേണ്ടതും. ഇമാമീങ്ങൾ പറഞ്ഞിട്ടുള്ളതും അതാണ്.

ഇമാം ശഅറാനി പറയുന്നു:

“ഖുർആനിന്റേയും, സുന്നത്തിന്റേയും പ്രത്യക്ഷബോധന (ظاهر) മനുസരിച്ച് പ്രവൃത്തിക്കാൻ മുജ്തഹിദിങ്ങളായ എല്ലാ ഇമാമീങ്ങളും തങ്ങളുടെ കൂട്ടുകാരെ പ്രേരിപ്പിക്കാറുണ്ടായിരുന്നു. ഖുർആനിന്റേയോ, സുന്നത്തിന്റേയോ പ്രത്യക്ഷബോധനത്തിന്നെതിരായി ഞങ്ങളുടെ അഭിപ്രായം കാണുന്നപക്ഷം ഞങ്ങളുടെ അഭിപ്രായത്തെ വലിച്ചെറിയുക.”

(ميزان الشعراني ج ١)

ഇമാം ശാഫിഈ (റ) ഒരിക്കൽ തന്റെ ശിഷ്യനായ റബീഇനോടു പറഞ്ഞു.



يا ابا اسحاق لا تقلدني فى كل ما اقول
وانظر فى ذلك لنفسك فانّه دين ميزان

(ج ١—ص ٤٥)

“അബൂഇസ്ഹാഖേ, ഞാൻ പറയുന്ന കാര്യങ്ങളെല്ലാം നീ കണ്ണടച്ചു അനുകരിക്കരുത്; നിനക്കുവേണ്ടി നീ ലക്ഷ്യം നോക്കണം. കാരണം ഇത് മതമാണ്.”

വീണ്ടും അദ്ദേഹം പറയുന്നു.

لا يحل تقليد احد سوى النبى صلعم

(مستصفى للغزالى)

“നബി (സ)യെ അല്ലാതെ മററാരെയും അന്ധമായി അനുകരിക്കരുത്.”

ഇമാം അഹ്മദ്ബ്നുഹമ്പൽ പറയുന്നു.

“എന്നെയോ, ഇമാം മാലികിനെയോ, അവ്സാഈ, നഖ്ഈ ഇവരെയോ നീ അനുകരിക്കേണ്ട. അവർ എവിടെ നിന്നാണോ വിധികൾ സ്വീകരിച്ചത് അവിടെ നിന്നു നീയും എടുത്തുകൊള്ളുക.”

( ميزان ص ٤٨ — ١ )

അബൂഹനീഫ പറയുന്നു:

لا يحل لأحد ان يأخذ بقولنا مالم يعلم
من اين اخذناه اه ايقاظا لهمم .
للتلاطى ص ٧٢

“ഞങ്ങൾ എവിടെ നിന്ന് വിധികൾ സ്വീകരിച്ചു എന്നറിഞ്ഞല്ലാതെ ഞങ്ങൾ പറയുന്നത് സ്വീകരിക്കാൻ പാടില്ല.”

സുയൂത്തി പറയുന്നു:

هل اباح مالك وابو حنيفة والشافعى قط
لاحد تقليدهم. حاشا لله منهم انّهم
قد نهوا عن ذلك ولم يفسحوا لأحد
فيه(الرد على من اخلد الى الارض)

“ഇമാം മാലികോ, അബൂഹനീഫയോ, ശാഫിഈയോ (റ. ഉം) ഇവരെല്ലാം അവരെ അനുകരിക്കുന്നതിനെ പാടെ നിരോധിച്ചിട്ടുണ്ട്. ഒരാൾക്കും അവരതിൽ വിട്ടുവീഴ്ച ചെയ്തിട്ടില്ല.”

شيخ محى الدين عبد القادر (رح)
പറയുന്നു:

“ഖുർആനിനേയും സുന്നത്തിനേയും നിന്റെ ഇമാമാക്കുക. അവർ പറഞ്ഞു, ഇവർ പറഞ്ഞു എന്ന് ധരിച്ചു നീ വഞ്ചിതനാവരുത്. റസൂൽ കൊണ്ടുവന്നത് സ്വീകരിക്കാനാണ് അല്ലാഹു പറയുന്നത്.”

(فتوح الغيب ص ٨٧—٨٨)

ഇപ്പറഞ്ഞതെല്ലാം മുഖല്ലിദീങ്ങൾക്ക് (മദ്ഹബ് സ്വീകരിക്കുന്നവർ) നിഷേധിക്കാൻ സാദ്ധ്യമല്ലാത്ത ലക്ഷ്യങ്ങളാണ്. ആരെങ്കിലു

(ശേഷം 33-ാം പേജിൽ)

നബിചര്യയിലൂടെ

ഒരു കത്തും മറുപടിയും

# തല മൂന്നുവട്ടം തടകൽ?

സി. എ. മുഹമ്മദ് മൗലവി.

['തല ഒന്നിലേറെ പ്രാവശ്യം തടകി എന്നു പറഞ്ഞുകൊണ്ടുള്ള യാതൊരു സഹീഹായ ഹദീസുമില്ല' എന്നു കഴിഞ്ഞ ലക്കത്തിൽ വുസുവിന്റെ ലേഖനത്തിൽ പറഞ്ഞതിനെ വിമർശിച്ചുകൊണ്ട് കോഴിക്കോട് വലിയ ഖാസി എഴുതിയ കുറിപ്പും അതിനുള്ള മറുപടിയും താഴെ ചേർക്കുന്നു]

## കത്ത്

فَمَسَحَ برأسه فأقبل وادبر

(എന്നിട്ട് തല തടകി, പിന്നെ (കൈ) മുമ്പോട്ട് കൊണ്ടുപോയി, പിന്നോട്ടും കൊണ്ടുപോയി.) എന്ന് മുത്തഫഖ് അലൈഹിയായ ഹദീസിൽ പറയുമ്പോൾ മൂന്ന് വട്ടം ആ വാക്കിൽതന്നെ വരുന്നുണ്ടല്ലോ. അല്ലെങ്കിൽ തല തടകേണ്ടത് പിരടിയിൽനിന്നാണ് ആരംഭിക്കേണ്ടത് എന്ന് പറയേണ്ടി വരും. അങ്ങനെ ലേഖകൻ പറയുമെന്ന് തോന്നുന്നില്ല. അതിനാൽ "സഹീഹായ ഹദീസ് മൂന്നുവട്ടം തടകിയെന്ന് കാണിക്കുന്നില്ല [1]" എന്ന് പറഞ്ഞത് ശരിയല്ല. മൂന്നുവട്ടം തടകിയതായി അബൂദാവൂദ് രണ്ട് ഹദീസുകളും ഇബ്നുമാജഃ ഒരു ഹദീസും ഉദ്ധരിച്ചിട്ടുണ്ട്. കുളിയുടെ ബാബിൽ ബുഖാരിയിൽ ഇങ്ങിനെയുണ്ട്.

ثم غسل وجهه ويديه وغسل رأسه ثلاثا

(ബുഖാരി 58-1) (പിന്നെ മുഖം കഴുകി, കൈകളും കഴുകി, തലയും കഴുകി മൂന്നുവട്ടം) എന്നാണ് അതിന്റെ പരിഭാഷ. അപ്പോൾ കുളിക്ക് വുസുവിൽ മൂന്ന് പ്രാവശ്യം തല കഴുകി എന്ന് ബുഖാരിയിൽതന്നെ വന്നിട്ടുണ്ട്. അതിനാൽ തല മൂന്നുവട്ടം തടകൽ തിരുമേനിയുടെ ചര്യയാണ്.

**ശിഹാബുദ്ദീൻ**
**ഇമ്പിച്ചിക്കോയ തങ്ങൾ,**
**വലിയഖാസി, കോഴിക്കോട്.**

(1) ഇങ്ങനെയായിരുന്നില്ല ലേഖനത്തിലെ വാചകം. — പത്രാധിപർ.



## മറുപടി

« فمسح برأسه فأقبل وادبر »

എന്ന വചനത്തിന് ഖാസിയവർകൾ കൊടുത്ത തർജ്ജമയും അതിൽനിന്ന് തല മൂന്ന് വട്ടം തടകിയെന്ന് വരുന്നുണ്ടെന്നു പറഞ്ഞതും ശരിയല്ല. ("തല തടകി, പിന്നെ (കൈ) മുമ്പോട്ട് കൊണ്ടുപോയി, പിന്നോട്ടും കൊണ്ട്പോയി") എന്നാണല്ലോ അദ്ദേഹം കൊടുത്ത തർജ്ജമ. അത് ശരിയല്ല. فمسح برأسه (തല തടകി) എന്നതിനെ വിവരിക്കുന്നതാണ് فأقبل وادبر (മുന്നോട്ടും പിന്നോട്ടും (കൈ) കൊണ്ടുപോയി) എന്ന വാക്ക്. അതുപോലെ മുസ്ലിം നിവേദനംചെയ്തിട്ടുള്ള അബൂഹുറൈറയുടെ توضأ فغسل وجهه... ثم غسل يده اليمنى ... ثم غسل يده اليسرى എന്ന ഹദീസിലും ബുഖാരി നിവേദനം ചെയ്തിട്ടുള്ള ഇബ്നു അബ്ബാസിന്റെ توضأ فغسل وجهه എന്ന് തുടങ്ങുന്ന ഹദീസിലും توضأ (വുസുചെയ്തു) എന്നതിനെ മുഖം കഴുകി, പിന്നെ കൈകൾ കഴുകി, പിന്നെ തലതടകി, പിന്നെ കാൽ കഴുകി എന്നിങ്ങനെ വിവരിച്ചിരിക്കയാണ്. വുസു ഉണ്ടാക്കിയതിന് ശേഷം മുഖവും, കൈകളും കഴുകുകയും തല തടകുകയും കാലുകൾ കഴുകുകയും ചെയ്തുവെന്നാണ് ഇവിടെ അർത്ഥമെന്ന് ഖാസിസാഹിബ് പറയുകയില്ലല്ലോ.

താൻ പറഞ്ഞതുപോലെ അർത്ഥമാക്കിയില്ലെങ്കിൽ തലതടകൽ പിരടിയിൽനിന്നാണ് ആരംഭിക്കേണ്ടതെന്ന് പറയേണ്ടിവരുമെന്നൊരു ദോഷമാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെ (പിരടിയിൽനിന്ന് തുടങ്ങണമെന്ന്) പറയേണ്ട ആവശ്യമില്ല. കാരണം واو ചേർത്ത് പറഞ്ഞകാര്യം അതിന്റെ മുമ്പിൽ പറഞ്ഞതിന്റെ ശേഷം തന്നെ ആയിക്കൊള്ളണമെന്നില്ല; മറിച്ചുമാവാം. മറിച്ചാണെന്ന് പ്രസ്തുത ഹദീസിന്റെ തന്നെ മുത്തഫഖ് അലൈഹിയായ മറെറാരു لفظ ൽ വ്യക്തമാക്കുന്നു. അതിൽ وادبر എന്നതിനുശേഷം

بدأ بمقدم رأسه ثم ذهب بهما الى قفاه ثم ردهما الى المكان الذى بدأ منه

(തലയുടെ മുൻവശത്തുനിന്ന് തുടങ്ങി പിന്നെ അവയെ (കൈകളെ) പിടലിയിലേക്ക് കൊണ്ടുപോയി, പിന്നെ അവിടെനിന്ന് ആദ്യം തുടങ്ങിയേടത്തേക്കുതന്നെ മടക്കി) എന്ന് കൂട്ടലായി പറഞ്ഞിരിക്കുന്നു.

പിടലിയിൽനിന്നാണ് തടകൽ ആരംഭിക്കേണ്ടതെന്ന് പറയേണ്ടി വരുമെന്ന് ഖാസിസാഹിബ് ഭയപ്പെടുകയാണല്ലോ. അതിനെകുറിച്ച് അങ്ങനെയൊന്നും ഭയപ്പെടേണ്ടതില്ല. ഉലമാക്കളിൽ ഒരു വിഭാഗം അങ്ങനെ പറയുന്നവരായുമുണ്ട്. പോരെങ്കിൽ بدأ بمؤخر رأسه (തലയുടെ പിൻഭാഗത്തുനിന്ന് തുടങ്ങി) എന്ന് സഹീഹായ ഒരു ഹദീസിൽ വന്നിട്ടുണ്ടെന്ന് سبل السلام ൽ പറഞ്ഞിട്ടുണ്ട്.

ഇനി "അബൂദാവൂദ് രണ്ട് ഹദീസിലും ഇബ്നുമാജഃ ഒരു ഹദീസിലും മൂന്നുവട്ടം തടകിയതായി ഉദ്ധരിച്ചിട്ടുണ്ട്"' എന്ന ഖാസിസാഹിബ് എഴുതിയതിനെ സംബന്ധിച്ചാണ് പറയുവാനുള്ളത്. എന്നാൽ അബൂദാവൂദ്തന്നെ "ഉസ്മാൻെറ സഹീഹായ ഹദീസുകളെല്ലാം കുറിക്കുന്നത് തല തടകൽ ഒരു വട്ടമെന്നാണ്" എന്ന് പറഞ്ഞിരിക്കുന്നു. ഇബ്നുൽ മുൻദിർ ഇപ്രകാരം പറയുന്നു: "നബി (സ. അ) യിൽനിന്ന് തല തടകുന്ന വിഷയത്തിൽ സ്ഥിരപ്പെട്ടിട്ടുള്ളത് ഒരു വട്ടമെന്നതാകുന്നു". ഇബ്നുൽ ഖയ്യിം പറയുന്നത് ഇങ്ങിനെയാണ്: "നബി(സ.അ) തല തടകൽ ആവർത്തിച്ചിട്ടില്ല എന്നതാണ് സഹീഹ്. മാത്രമല്ല തിരുമേനി 'അവയവങ്ങൾ കഴുകുന്നത് ആവർത്തിക്കുമ്പോൾ തല ഒരിക്കൽമാത്രം തടകുകയാണ് ചെയ്തിരുന്നത്. ഇങ്ങനെ തിരുമേനിയിൽനിന്ന് വ്യക്തമായി വന്നിരിക്കുന്നു. ഇതിൻെറ മാററം തിരെ നബിയെകുറിച്ച് സഹീഹായി വന്നിട്ടില്ല. ഇതല്ലാതെയുള്ള ഹദീസുകൾ ഒന്നുകിൽ വ്യക്തമല്ലാത്ത സഹീഹോ (നബി മൂമ്മൂന്ന് വട്ടമായി വുസൂ ചെയ്തുവെന്ന് സഹാബി പറയുംപോലെ) അല്ലെങ്കിൽ മൂന്ന് വട്ടമെന്ന് വ്യക്തമാക്കിയതും സഹീഹല്ലാത്തതുമാണ്. (അബൂദാവൂദ് നിവേദനം ചെയ്ത ഉസ്മാൻെറ ഹദീസുപോലെ). ഫത്ഹുൽബാരിയിൽ ഇങ്ങനെ പറയുന്നു. മൂന്ന് വട്ടം തടകി എന്ന് വന്നിട്ടുള്ള ഹദീസുകൾ സഹീഹായിട്ടുണ്ടെങ്കിൽ തന്നെ അവകൊണ്ടുള്ള ഉദ്ദേശം തടകൽകൊണ്ട് തല മുഴുവനുമാക്കി എന്നാണെന്ന് വെക്കേണ്ടതാണ്, എന്നല്ലാതെ ഓരോ പ്രത്യേകം പ്രത്യേകം തടകലുകളല്ലത്. ഇതാണ് ദലീലുകളെ എല്ലാം ഏകോപിപ്പിക്കുവാനുള്ള വഴി".

(فتح البارى ص ٢٣٩—١)

ഖാസിസാഹിബ് ബുഖാരിയിലെ കുളിയുടെ ബാബിലുള്ള

ثم غسل وجهه ويديه وغسل رأسه ثلاثا

(പിന്നെ മുഖം കഴുകി, കൈകളും കഴുകി, തലയും കഴുകി മൂന്നുവട്ടം) എന്ന വാചകം വുസൂവിൽ തല മൂന്നുവട്ടം തടകുന്നതിന്ന് തെളിവായി ഉദ്ധരിച്ചതിൽ അത്ഭുതം തോന്നുന്നു. തല മൂന്നുവട്ടം കഴുകി എന്നത് വുസൂവിൻെറ ഭാഗമായിട്ടല്ല കുളിയുടെ ആരംഭമായിട്ടാണ് ചെയ്തതെന്ന് ബുഖാരിയിൽ തന്നെയുള്ള മററു ഹദീസുകൾ നോക്കിയാലും ഗ്രഹിക്കാൻ പ്രയാസമില്ല. ഇതിനുംപുറമെ വുസൂവിൽ തടകുന്നതിന്നുപകരം തല കഴുകുന്നത് മക്റൂഹാണെന്നുള്ളത് ഉലമാക്കളെല്ലാം ഏകോപിച്ചിട്ടുള്ള സംഗതിയാണ്. നബി(സ.അ) തല തടകുന്നതിന്ന പകരം കഴുകിയതായിരുന്നുവെങ്കിൽ അത് മക്റൂഹാണെന്ന പറയുവാൻ ലോകത്തിലെ ഒരു ആലിമും എന്നുവേണ്ട ഒരു മുസ്ലിമും ഒരുമ്പെടുകയില്ല.

وقد اتفق على كراهة غسل الرأس بدل المسح وان كان مجزئا

(فتح البارى ٢٣٨—١)

---

# മന്നവനും നീയും സമന്മാർ

ടി. ഉബൈദ്.

വിട്ടേക്കു ദിനങ്ങളെ; യഥേഷ്ടം വർത്തിക്കട്ടെ!
തുഷ്ടമാനസനായിത്തീരുക വിധിയിങ്കൽ!
രാവുകൾ വിപൽക്കരമാകിലും ദുഃഖിക്കല്ലാ;
കേവലം ക്ഷണികമാണൈഹിക വിപത്തുകൾ.

മല്ലിട്ട വിപത്തോട്ട ധീരപുരുഷനായി;
മാനസം വിളങ്ങുക സൌശീല്യൌദാര്യങ്ങളാൽ.
സൌമ്യശീലവും സമൌദാര്യവുമെത്രയെത്ര
ഭീമമാം ന്യൂനതയെ മാച്ചില്ല പാരത്തന്നാകിൽ!

മന്നിൽ ശാശ്വതമല്ല ദുഃഖവുമാനന്ദവും;
നിന്നുടെ ക്ലേശങ്ങളും ക്ഷേമവുമതുപോലെ.
മോഹിച്ചിടരുതൊട്ടും ലുബ്ധനിൽ നിന്നൌദാര്യം;
ദാഹിപ്പവന്നേകുമോ കുളിർനീർ, കാളും ചെന്തി?

തളത്താനിൻ വൈമുഖ്യം ദൈനംദിനാഹാരത്തെ;
വളർത്തില്ലതിനെ നിന്നൌത്സുക്യമതും ലേശം.
ആത്മസംതൃപ്തനായ് നീ ജീവിക്കിൽ വിശ്വം വാഴ–
മാമന്നവനും നീയും സമന്മാരെന്നു നൂനം.

ഏവൻെറ മുന്നിൽ മൃതിയണവൂ – പാരിടവും
ദ്യോവുമേ ശക്തങ്ങളല്ലവനെ മോചിപ്പിപ്പാൻ.
വിസ്തൃതം ദൈവത്തിൻെറ പാരിടമിതെന്നാലും
മൃത്യുതാനണഞ്ഞാൽ സങ്കുചിതം സാഹാറയും!

( ഒരു അറബി കവിതയുടെ ആശയാനുവാദം. )

—.......—

# ഇക്കൊല്ലം 10,99, 543 പേർ ഹജ്ജ് ചെയ്തു.

| | | | |
|---|---|---|---|
| ഇറാക്ക് | 18338 | മൊറോക്കൊ | 11242 |
| ഒമാൻ | 1503 | മഹ്റത്ത് | 124 |
| പലസ്റ്റീൻ | 1005 | നൈജീരിയ | 7623 |
| ഈജിപ്റ്റ് | 19495 | നേപ്പാൾ | 52 |
| തുർക്കി | 25984 | ഗ്രീക്ക് | 102 |
| ഇറാൻ | 24937 | ഉഗണ്ട | 247 |
| പാക്കിസ്ഥാൻ | 8694 | യമൻ | 28875 |
| ഇന്ത്യ | 16006 | യൂഗോസ്ലോവിയ | 741 |
| ലിബിയ | 14768 | എത്യോപിയ | 3463 |
| സിറിയ | 18458 | ജോർഡാൻ | 10434 |
| സുഡാൻ | 6554 | അഫ്ഗാനിസ്ഥാൻ | 10434 |
| സ്വിററ്സർലാണ്ട് | 1 | ഫോർമോസ | 54 |
| സ്വീഡൻ | 2 | പശ്ചിമ ജർമ്മനി | 3 |
| സിംഗപ്പൂർ | 44 | റഷ്യ | 17 |
| സോമാലി | 838 | അമേരിക്ക | 33 |
| ഏഡൻ | 398 | ഇൻഡോനേഷ്യ | 15291 |
| ഘാന | 10 | കോങ്കൊ (ലിയോപോൾഡ്‌വിൽ) | 13 |
| ഗിനി | 1713 | മലയേഷ്യ | 6639 |
| ബ്രിട്ടീഷ് ഗയാന | 8 | ചാഡ് | 573 |
| ഫ്രാൻസ് | 278 | സ്പെയിൻ | 37 |
| ഫിലിപ്പൈൻസ് | 2966 | ബഹറൈൻ | 2232 |
| അപ്പർവോൾട്ട | 151 | പോർത്തുഗൽ | 7 |
| ദക്ഷിണ വിയററ്നാം | 10 | ബ്രിട്ടൻ | 571 |
| ഖത്തർ | 1721 | ബുറുണ്ടി | 4 |
| സൈപ്രസ്സ് | 7 | ബ്രൂണായ് | 8 |
| കമ്പോഡിയ | 81 | ടാൻസാനിയ | 232 |
| കാമറൂൺ | 384 | ടോഗോ | 30 |
| കെനിയ | 141 | ടുണീഷ്യ | 535 |
| കുവൈത്ത് | 5660 | ഫ്രഞ്ച് സോമാലിലാണ്ട് | 92 |
| ലബനാൻ | 5409 | ടോളണ്ടാ | 3946 |
| ലൈബീരിയ | 19 | ട്രിനിഡാഡ് | 13 |
| മാലി | 1095 | ഗാംബിയാ | 205 |
| മൗറിത്താനിയ | 327 | അൽജീരിയ | 11-142 |
| മലഗാസി | 38 | മദ്ധ്യആഫ്രിക്ക | 160 |
| മോറിസ് | 29 | | |

| | |
|---|---|
| ദക്ഷിണാഫ്രിക്ക | 969 |
| ജാപ്പാൻ | 2 |
| ഹളറമൗത്ത് | 2186 |
| ഡന്മാർക്ക് | 1 |
| ദഹോമി | 150 |
| ദ. റൊഡേഷ്യ | 9 |
| റുവാണ്ടാ | 4 |
| സാംബിയാ | 18 |
| സിലോൺ | 419 |
| സിറാലിയോൺ | 104 |
| ഐവറികോസ്റ്റ് | 427 |
| സെനിഗൽ | 2587 |
| റാസുൽഖൈമാ | 112 |

മറ്റു ചില രാജ്യങ്ങളടക്കം

| | |
|---|---|
| ആകെ | 2, 99, 543 |
| സുഊദി അറേബ്യ | 8, 00, 000 |
| ഒട്ടാകെ | 10, 99, 543 |

(27-ാം പേജിൽനിന്ന്)

പറഞ്ഞാലും വേണ്ടില്ല, ഞങ്ങൾ ഞങ്ങളുടെ പിഴച്ച വാദം ഉപേക്ഷിക്കില്ല എന്നാണവർ പറയുന്നതെങ്കിൽ, ഇമാം ഗസ്സാലി തൻെറ കാലക്കാരായ മുഖല്ലിദീങ്ങളോട് പറഞ്ഞതു തന്നെയാണ് അവരോടും പറയാനുള്ളത്.

"അശ്അരി, മുഅ്തസിലീ, ഹമ്പിലീപോലെയുള്ള മദ്ഹബുകൾക്കെതിരാവലാണ് കുഫ്റെന്ന് അവർ പറയുന്ന പക്ഷം, അതൊരു വിവേകശൂന്യമായ വഞ്ചനയാണെന്ന് നീ മനസ്സിലാക്കണം. അവനെ അന്ധമായ അനുകരണം അടിമയാക്കി വെച്ചിരിക്കുന്നു. അവൻ അന്ധരിൽ അന്ധനാണ്. അവനെ ഉപദേശിച്ചുകൊണ്ട് നീ സമയം പാഴാക്കരുത്."

(فيصل التفرقة ص ٤)


ارتناٹھ کرا یتیم خانہ

EDATHANATTUKARA ORPHANAGE
P. O. EDATHANATTUKARA.
(Via)MELATTUR, PALGHAT Dt.

200-ൽ പരം അനാഥകളും അഗതികളുമായ ബാലികാബാലന്മാരെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി എല്ലാ വിധ സൗകര്യങ്ങളും സൌജന്യമായി നല്കി സംരക്ഷിച്ചു വരുന്ന പാലക്കാട് ജില്ലയിലെ ഏററവും വലിയ ധർമ്മസ്ഥാപനം.

17 കൊല്ലമായി സമുദായത്തിന്റെ പൊതു ഉത്തരവാദിത്വം പ്രശസ്തമാംവണ്ണം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഈ മഹൽ സ്ഥാപനത്തിന്റെ നിലനില്പ് സമുദായത്തിലെ ഉദാരമതികളുടെ ഉള്ളഴിഞ്ഞ സഹായസഹകരണങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

മേലിലും ഈ മഹൽസ്ഥാപനത്തെ മറക്കാതിരിക്കുക.

എന്ന്, സിക്രട്ടരി

K.T. ABBAS FAIZI
VATTALUR - P.O.
676507

Riyadh - Swalihath Islamic Library

# മുസ്ലിംകളും അക്ഷരപൂജയും

പി. മുഹമ്മദ് കുട്ടശ്ശേരി

മതനിയമങ്ങളുടെയും തെളിവുകളുടെയും യുക്തികളും തത്വങ്ങളും ഗ്രഹിക്കാതെ അവയുടെ ബാഹ്യാക്ഷരങ്ങളെ മാത്രം പിമ്പറ്റുന്ന ചിലരുണ്ട്, മുസ്ലിംകളിൽ. പണ്ടുള്ളവർ പാടിയതിനെ അന്ധമായി അപ്പടി പകർത്തുന്നവരും മതത്തെ ന്യായത്തിന്റെയും യുക്തിചിന്തയുടെയും വെളിച്ചത്തിൽ മനസ്സിലാക്കുന്നതിനെ അംഗീകരിക്കാത്തവരുമാണിവർ. عبّاد الحروف (അക്ഷര പൂജകർ) എന്നാണ് ആധുനിക പണ്ഡിതന്മാർ ഇവരെ വിളിക്കുന്നത്. ഖുർആൻ വാക്യങ്ങളുടെ ആന്തരാർത്ഥത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അനുവദിക്കാതെ ബാഹ്യരൂപത്തിൽ മാത്രം അവയെ വ്യാഖ്യാനിക്കുന്നവരാണ് ഇവർ. 'റമസാനിൽ പ്രഭാതസമയത്ത് കറുത്ത നൂലും വെളുത്ത നൂലും തമ്മിൽ വേർതിരിച്ചറിയുന്നതുവരെ തിന്നുകയും കുടിക്കുകയും ചെയ്യാം' എന്ന ഖുർആൻ വാക്യം അതിന്റെ ബാഹ്യാർത്ഥത്തിൽ മനസ്സിലാക്കി നൂല് കെട്ടിക്കിടന്ന ഒരു സഹാബിയുടെ കഥയുണ്ടല്ലോ. പക്ഷെ, അന്ന് അദ്ദേഹത്തെ തിരുത്താൻ ആളുണ്ടായിരുന്നു. ഇന്ന് ചില ഖുർആൻവാക്യങ്ങളെയും സംഭവങ്ങളെയും ഇതുപോലെ തെറ്റിദ്ധരിക്കാൻ പാടില്ലെന്ന് പറയാൻപോലും നിവൃത്തിയില്ലാത്ത നിലയാണ്. ഹദീസുകളിൽ ഖുർആനിന്റെ പ്രഖ്യാപനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും നിരക്കാത്തതും ഖുർആൻ വിശേഷിപ്പിക്കുന്ന യുക്തിചിന്തയിൽ ഒതുങ്ങാത്തതുമായ പലതും എങ്ങിനെയോ കടന്നുകൂടിയിട്ടുണ്ടല്ലോ. ഒരു വിവേചനത്തിന്നു മുതിരാതെ അവയൊക്കെ അപ്പടി അംഗീകരിക്കുന്നതായാൽ എന്തായിരിക്കും ഫലം? കാളക്കൊമ്പിൽ നിൽക്കുന്ന ഭൂമിയെയും മലക്കിന്റെ ഗർജ്ജനത്തിൽനിന്ന് ഉടലെടുക്കുന്ന ഇടിശബ്ദത്തെയും പുതിയ തലമുറക്ക് അറിയില്ലെങ്കിലും, വേറെ പലതും അവക്ക് അറിയാം. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമത്തിലധിഷ്ഠിതമായ ശക്തിയുള്ള ഈമാനിന്നുപകരം അസാധാരണ സംഭവങ്ങൾകൊണ്ടും അന്ധമായ അനുകരണംകൊണ്ടും ദുർബ്ബലമായ, മുന്നോട്ടുതള്ളാൻ കഴിവില്ലാത്ത ഒരു ഈമാനാകും അവക്കുണ്ടാവുക.

താടി വളർത്തി "കാട്ടുകെട്ടി" വികൃതമാകുമ്പോൾ അത് വെട്ടി





ഭംഗിയാക്കുന്നത് സുന്നത്തിന്നു വിരുദ്ധമാണെന്ന് വിശ്വസിക്കുന്നവരുണ്ടല്ലോ. നബിയുടെ മുടി മുക്കിയ വെള്ളം രോഗശമനത്തിന്നുവേണ്ടി മോന്തിക്കുടിക്കുന്നവരും മക്കത്തുനിന്ന് അറാക്കിന്റെ കൊള്ളി കൊണ്ടുവന്ന് പല്ലുതേക്കുന്നവരും വേറെയുമുണ്ട്. എന്നാൽ ശൈഖ് മുഹമ്മദുൽ ഗസ്സാലി عبادالحروف ന് നല്ലൊരു ഉദാഹരണം കാണിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലൊക്കെ മതപണ്ഡിതന്മാരുടെ തലപ്പാവിന്ന് ഒരു നീണ്ട വാല് കാണാറുണ്ടല്ലോ. ഒരു പുണ്യമായി കൊണ്ടുനടക്കുന്ന ഈ വാലെങ്ങിനെ വന്നുകൂടിയെന്നറിയാമോ? അത്യുഷ്ണരാജ്യത്തു താമസിക്കുന്ന അറബികൾ തലയോടൊപ്പം ഉഷ്ണത്തിന്റെ കാഠിന്യത്തിൽനിന്ന് രക്ഷപ്പെടാൻ പിരടികൂടി മറക്കാറുണ്ടായിരുന്നു. ഇതപ്പടി പകർത്തുന്ന അന്ധമായ അനുകരണത്തെ ഗ്രന്ഥകർത്താവ് ശക്തിയായി പരിഹസിക്കുകയാണ്. കാര്യങ്ങളുടെ ചുററുപാടുകളും സന്ദർഭങ്ങളും നോക്കാതെ മുമ്പിൽ കണ്ട അക്ഷരങ്ങളെ മാത്രം കണക്കിലെടുക്കുന്നതുകൊണ്ടുള്ള ദോഷം കുറച്ചൊന്നുമല്ല.

ഖുർആൻ ആദ്യമായി മുസ്ഹഫിൽ ക്രോഡീകരിച്ചപ്പോൾ അതിന്റെ ന്യായതയിൽ ചിലർ സംശയിച്ചെങ്കിലും ക്രിയാത്മകമായ ആ എതിർപ്പ് പ്രശംസനീയമായിരുന്നല്ലോ. ഖുർആൻ മററു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തൽ പാപമായി മുസ്ലിംകൾ ഗണിച്ചു. അതിനാൽ ഖുർആനിന്റെ പരിഭാഷ ആദ്യം പുറത്തിറങ്ങിയത് ഒരു ക്രിസ്ത്യാനിയുടേതായിരുന്നു വന്നു—അതും ഖുർആനിനെ എതിർക്കാൻ! യാഥാസ്ഥിതികന്മാരുടെ എതിർപ്പുകാരണം ഒന്നാമത്തെ അച്ചടിയന്ത്രത്തിൽ അറബി അടിക്കാൻ പണ്ഡിതന്മാരുടെ ഫത്വ വാങ്ങേണ്ടിവന്നു. പക്ഷെ, ഇതിലും കഠിനതരമായിരുന്നു മർഹൂം കെ. എം. മൗലവിക്കെതിരെ "സ്വാരക" ഗ്രന്ഥം പുറത്തിറക്കുകയും, "സ്വാരക" നിധി ഏർപ്പെടുത്തുകയും ചെയ്തപ്പോൾ–യാഥാസ്ഥിതികന്മാരിൽനിന്നോ പുരോഗമനവാദികളിൽനിന്നോ എന്നറിയില്ല, വന്ന എതിർപ്പ്. ഗുണദോഷങ്ങളെ വിവേചിക്കുന്നതിലും തത്വങ്ങളെ വിലയിരുത്തുന്നതിലും ഖുർആന്റെ അദ്ധ്യാപനം ഗ്രഹിക്കാത്തകാരണം, സ്–വാ–ര–ക എന്നീ അക്ഷരങ്ങളിൽ പിടിച്ചുതൂങ്ങി പറഞ്ഞുപോയി, ഇതൊക്കെ ശിർക്കിന്റെയും ബിദ്അത്തിന്റെയും വഴിയാണെന്ന്. ശിർക്ക് എന്തുകൊണ്ട് പൊറുക്കപ്പെടാത്ത പാപമായി എന്നും, സമ്പൂർണ്ണ വിജയത്തിലേക്കുള്ള മനുഷ്യന്റെ ഗമനത്തെയും പുരോഗതിയെയുംഅതെങ്ങിനെ തടസ്സപ്പെടുത്തുന്നുവെന്നും ചിന്തിച്ച് ഗ്രഹിക്കാത്തവരാണ് ഈ എതിർപ്പുകാർ എന്നതിൽ സംശയമില്ല. ഹറാമുകളെക്കൊണ്ട് വീർപ്പുമുട്ടിയിരുന്ന ജനസമുദായങ്ങൾക്ക് ആശ്വാസം നല്കുവാനാണ് ഖുർആൻ വന്നതെന്ന് നാം ഓർക്കണം. വലിച്ചു നീട്ടി വ്യാഖ്യാനിച്ചാൽ എന്തൊക്കെ തെററാണെന്ന് സ്ഥാപിച്ചുകൂടാ? ഹറാം തീരുമാനിക്കാനുള്ള പരമാധികാരം അല്ലാഹുവിന്നാണെന്നും മനുഷ്യൻ തോന്നിയതുപോലെ അതിൽ കൈകടത്തുന്നതു സൂക്ഷിക്കണ

മെന്നുള്ള ഖുർആന്റെ ശക്തിയായ താക്കീതു ഞാനിവിടെ ഉണർത്തട്ടെ:

وَلَا تَقُولُوا لِمَا تَصِفُ أَلْسِنَتُكُمُ الْكَذِبَ هَٰذَا حَلَالٌ وَهَٰذَا حَرَامٌ لِتَفْتَرُوا عَلَى اللهِ الْكَذِبَ، إِنَّ الَّذِينَ يَفْتَرُونَ عَلَى اللهِ الْكَذِبَ لَا يُفْلِحُونَ — النحل

"നിങ്ങളുടെ നാവിൽ വരുന്നതനുസരിച്ച് ഇതു ഹലാലാണ്, ഇതു ഹറാമാണ് എന്നിങ്ങനെ നിങ്ങൾ കള്ളംപറയരുത്. അല്ലാഹുവിന്റെ പേരിൽ നുണ പടച്ചുണ്ടാക്കലാണത്. അല്ലാഹുവിന്റെ പേരിൽ നുണ പടച്ചുണ്ടാക്കുന്നവർ വിജയിക്കുന്നതല്ല. നിശ്ചയം!"

ഈ സംഭവവും, പുരോഗമനവാദികളുടെ വേഷത്തിൽ പ്രത്യക്ഷപ്പെടുന്ന ചിലരുടെ നയങ്ങളും പ്രവൃത്തികളുമെല്ലാം ഒരു കാര്യം തെളിയിക്കുന്നുണ്ട്: യാഥാസ്ഥിതികത്വത്തിന്റെയും തഖ്ലീദിന്റെയും ദീർഘകാലത്തെ വാഴ്ച നമ്മിൽ അടിച്ചേൽപ്പിച്ച ചിന്താപരമായ മരവിപ്പിന്റെയും സങ്കുചിത വീക്ഷണത്തിന്റെയും പിടുത്തത്തിൽ നിന്ന് പൂർണ്ണ മോചനം ലഭിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.

മതത്തിന്റെ തൊലിപ്പുറം പിടിച്ചുള്ള പോക്ക് നിർത്തി സത്ത് കരസ്ഥമാക്കാനുള്ള ശ്രമത്തിലാണ് നാം ഇനി ഊന്നിനിൽക്കേണ്ടത്. ഫിഖ്ഹിന്റെ അടിസ്ഥാനത്തിലുള്ള നമസ്കാരത്തിന്റെ ആകൃതിക്കുമാത്രം പ്രാധാന്യം കൊടുക്കുന്നതിനുപകരം ഖുർആൻ കല്പിക്കുന്ന നമസ്കാരത്തിന്റെ കാതലിന് കൂടുതൽ വില കല്പിക്കേണ്ടിയിരിക്കുന്നു. ചില പദങ്ങളെയും പദങ്ങളുടെ അർത്ഥത്തെയും ചൊല്ലിയുള്ള വാദപ്രതിവാദം കണ്ടപ്പോൾ ആരോ ചോദിച്ചുവത്രെ: 'മുസ്ലിംകളുടെ ഇന്നത്തെ വലിയ പ്രശ്നം പദപ്രശ്നമാണല്ലോ?' വളരുന്ന പുതിയ പണ്ഡിത തലമുറയുടെ ജിജ്ഞാസയിൽനിന്ന് ഉടലെടുക്കുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരംനല്കാൻ കഴിയുന്നില്ല ഇന്ന് പണ്ഡിതന്മാർക്ക്. ലോകമാകെ യുക്തിചിന്തയിലൂടെ നീങ്ങുമ്പോൾ മതത്തെ മാത്രം അതിൽനിന്ന് ഒഴിച്ചുനിർത്തുന്ന ശ്രമം എങ്ങിനെ വിജയിക്കും? എന്നാൽ അക്ഷരങ്ങളുടെ വാലിലെ പിടിമുറുക്കത്തിന് അയവുവരുത്താതെ എത്ര പണിപ്പെട്ടാലും മതവും യുക്തിചിന്തയും തമ്മിൽ സംയമനം സൃഷ്ടിക്കുക സാദ്ധ്യമല്ല. ശാസ്ത്രവും യുക്തിബോധവും അത്രയധികം വളർന്നിട്ടില്ലാത്ത കാലത്ത് എഴുതപ്പെട്ട ഗ്രന്ഥങ്ങളെയും വ്യാഖ്യാനങ്ങളെയും കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടിയിരിക്കുന്നു.

ഏതായാലും, യാഥാസ്ഥിതികത്വത്തിന് ബുദ്ധിയിലുള്ള സ്വാധീനത വെറും വിദ്യാശൂന്യരിൽ മാത്രം അവശേഷിക്കുകയും കുറച്ചെങ്കിലും കാര്യം തിരിഞ്ഞവരെല്ലാം യുക്തിയുടെയും ചിന്തയുടെയും മാർഗ്ഗത്തിൽ നീങ്ങാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നുവെന്നതാണ് ഇന്നു കാണുന്ന യാഥാർത്ഥ്യം.

---

# ഇസ്ലാമും മുസ്ലിംകളും

## II

എൻ. വി. അബ്ദുസ്സലാം ബിൻ മുഹമ്മദ്.

മുസ്ലിംകളിൽ സത്യം നിലനിറുത്തുവാൻ ആത്മത്യാഗം ചെയ്വാൻ തെയ്യാറുള്ള, അല്ലാഹുവെക്കാൾ മററാരെയും ഭയപ്പെടാത്ത, അല്ലാഹുവെ സ്നേഹിക്കുന്ന, അവന്റെ തൃപ്തി സമ്പാദിക്കൽ ലക്ഷ്യമായി കരുതി ജീവിക്കുന്ന കുറെ സത്യവിശ്വാസികൾ എല്ലാപ്പോഴും ഉണ്ടായിരിക്കുമെന്നതാണ് സന്തോഷകരമായ രണ്ടാമത്തെ വസ്തുത.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِ اللهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللهِ وَلَا يَخَافُونَ لَوْمَةَ لَائِمٍ ذَٰلِكَ فَضْلُ اللهِ يُؤْتِيهِ مَنْ يَشَاءُ وَاللهُ وَاسِعٌ عَلِيمٌ

(سورة المائدة)

"വിശ്വസിച്ചവരെ, നിങ്ങളിൽ വല്ലവനും മതംവിട്ടു തെററുകയാണെങ്കിൽ, (പകരം) അല്ലാഹു മററൊരു ജനതയെ കൊണ്ടുവരും; അല്ലാഹു അവരെ സ്നേഹിക്കുകയും അവർ അവനെ സ്നേഹിക്കുകയും ചെയ്യും; സത്യവിശ്വാസികൾക്കു നേരെ അവർ വിനയാന്വിതരായിരിക്കും; അവിശ്വാസികൾക്കുനേരെ അവർ അന്തസ്സുള്ള–തോല്പിക്കപ്പെടാത്ത (ഒരു ശക്തി) യായിരിക്കും; അവർ അല്ലാഹുവിന്റെ വഴിയിൽ സമരം ചെയ്യുകയും, ആക്ഷേപകന്റെ യാതൊരു വിമർശനത്തെയും ഭയപ്പെടാതെ (അല്ലാഹുവിന്റെ വഴിയിൽ ധീരമായി മുന്നേറുകയും) ചെയ്യുന്നവരും ആയിരിക്കും; അതു അല്ലാഹുവിന്റെ മഹത്തായ ഒരു ദാനമാണ്; അവനുദ്ദേശിക്കുന്നവർക്കാണ് അവനത് ദാനം ചെയ്യുക; അല്ലാഹു വിശാലനും സർവ്വജ്ഞനുമത്രെ".

മേൽ എഴുതിയ ആയത്ത് ഏതു സന്ദർഭത്തിൽ അവതരിച്ചതായാലും, അതിലെ വാഗ്ദത്തം ലോകാവസാനംവരെ നിലനിൽക്കുന്നതാണ്. അഥവാ ഇസ്ലാമിന്റെ അനുയായികൾ അതിൽനിന്ന് വ്യ

തിചലിക്കുന്നതുകൊണ്ട് അല്ലാഹു വിന്റെ ദീനിന്ന് ഒരു കോട്ടവും തട്ടുന്നതല്ല. പ്രസ്തുത ആയത്തിൽ വിവരിച്ചപോലെയുള്ള യഥാർത്ഥ മുജാഹിദുകളെ അല്ലാഹു ഈ ലോകത്തിൽ എപ്പോഴും നിലനിർത്തുന്നതാണ്. ഇതാണ് നബി(സ. അ) തിരുമേനിയുടെ വാഗ്ദത്തവും. തിരുമേനി ഈ സമുദായത്തിന്റെ അധഃപതനത്തെപറ്റി മുന്നറിയിപ്പ് നല്കുമ്പോഴെല്ലാം, യഥാർത്ഥ മുജാഹിദുകൾ ലോകത്ത് എല്ലായ്പ്പോഴുമുണ്ടായിരിക്കുമെന്ന സന്തോഷവാർത്ത അറിയിച്ചുകൊണ്ടിരുന്നിട്ടുമുണ്ട്.

ഇതേവരെ വിവരിച്ചിട്ടുള്ളത് മുസ്ലിംകളെ സംബന്ധിച്ചേടത്തോളമുള്ള രണ്ട് സന്തോഷകരമായ വസ്തുതകളെപററിയാണല്ലോ. ഇനി മറുവശം വിവരിക്കാം.

### പൂർവ്വസമുദായങ്ങളെ പിൻപററുന്നു.

നബി(സ. അ)തിരുമേനി പ്രവചിച്ചിട്ടുള്ളതായി ശരിയായ സനദോട്കൂടി രേഖപ്പെട്ടിട്ടുള്ളതാണ്: "ഈ സമുദായം പൂർവ്വ സമുദായങ്ങളോട് ചാണിന്ന് ചാണായും മുഴത്തിന്ന് മുഴമായും പിൻപററുമെന്ന്". അഥവാ മുമ്പ് ഗ്രന്ഥം നല്കപ്പെട്ട സമുദായങ്ങൾ തങ്ങളുടെ മതത്തോട് എങ്ങിനെ പെരുമാറിയോ അതേപ്രകാരം ഈ സമുദായവും പെരുമാറുമെന്ന്. അവരുടെ ചെയ്തികളെപററി ഖുർആൻ പറയുന്നതെന്താണെന്ന് മനസ്സിലാക്കുന്നപക്ഷം, നമ്മുടെ സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്ന് പരിശോധിക്കാമല്ലോ. അല്ലാഹു പറയുന്നു:

وَمِنْهُمْ أُمِّيُّونَ لَا يَعْلَمُونَ الْكِتَابَ إِلَّا أَمَانِيَّ وَإِنْ هُمْ إِلَّا يَظُنُّونَ ۞ (سورة البقرة)

"ചില ഉംനിയ്യത്തുകൾ (അമാനിയ്യ്) അല്ലാതെ കിതാബിനെ പററി ഒന്നും അറിയാത്ത നിരക്ഷരകുക്ഷികൾ അവരിലുണ്ട്; അവർ ഊഹിക്കുന്നവർ മാത്രമാണ്".

ജൂതന്മാരെ – ബനൂഇസ്രാഈലിനെ – പററി പ്രതിപാദിക്കുന്ന സന്ദർഭത്തിലാണ് അല്ലാഹു ഇങ്ങിനെ പറഞ്ഞിട്ടുള്ളത്. തങ്ങളുടെ കിതാബിൽനിന്ന് യാതൊന്നും അറിയാത്ത പാമരജനങ്ങളാണ് ജൂതന്മാരിൽ ഭൂരിപക്ഷവും, ചില അമാനിയ്യ് മാത്രമെ അവരുടെ കൈവശമുള്ളു. അമാനിയ്യ് എന്നത് ഉംനിയ്യത്തിന്റെ ബഹുവചനമാണ്. ആ വാക്കിന്ന് മൂന്ന് അർത്ഥങ്ങളുള്ളതിനാലും അവ മുഴുവനും ആയത്തിൽ ഉദ്ദേശിച്ചിരിക്കുവാൻ ഇടയുള്ളതിനാലുമാണ് ആ പദത്തിന്ന് പരിഭാഷ എഴുതാതിരുന്നത്. അർത്ഥങ്ങൾ ഇവയാണ്: 1) കെട്ടുകഥകൾ, 2) വ്യാമോഹങ്ങൾ, 3) വായന (അർത്ഥമറിയാതെ)

അതായത് ബനൂ ഇസ്രാഈൽ സമുദായത്തിലെ – ജൂതന്മാരിലെ – ബഹുജനങ്ങൾ മതത്തെപററി ഒന്നും അറിയാത്തവരാണ്. പാരമ്പര്യമായി കേട്ട്വരുന്ന ചില കെട്ടുകഥകളും "ബനൂ ഇസ്രാഈൽ സമുദായം ഏതായാലും സ്വർഗ്ഗാവകാശികളാണ്; എത്രഭയങ്കര കുറ്റം ചെയ്താലും അവർ നരകത്തിൽ കഠിനമായ ശിക്ഷക്ക് പാത്രമാകയില്ല" എന്നുതുടങ്ങിയ ചില വ്യാമോഹങ്ങളും, വേദഗ്രന്ഥം അർത്ഥം തിരിയാതെ വായിക്കുന്ന ശീലവും മാത്രമായിരുന്നു മതമെന്ന നിലയിൽ അവരുടെ കൈവശമുണ്ടായിരുന്നത്. ഇന്നും ജൂതന്മാരുടെ നില അതാണ്. ശാസ്ത്രത്തിലും ആധുനിക വിദ്യാഭ്യാസത്തിലും ഇന്ന് ലോകത്ത് ജൂതസമുദായം മുന്നണിയിലാണെങ്കിലും അവരിൽ വിദ്യാഭ്യാസ വിചക്ഷണന്മാർക്കു പോലും മതത്തെപററി സൂക്ഷ്മമായ അറിവില്ല. ഒരു ജൂത ഉദ്യോഗസ്ഥനെ—വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉയർന്ന സ്ഥാനത്തായിട്ടും മതഗ്രന്ഥത്തെപററി എന്റെ സ്നേഹിതൻ ചോദ്യം ചെയ്തപ്പോൾ "തനിക്ക് വേദഗ്രന്ഥം ഓതുവാനറിയാമെന്നല്ലാതെ ഹിബ്രു അറിയാത്തതുകൊണ്ട് അർത്ഥമറിയുകയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അമാനിയ്യിന്റെ മൂന്ന് അർത്ഥപ്രകാരവും ജൂത ബഹുജനങ്ങൾക്കു അമാനിയ്യ് മാത്രമേ ഉള്ളുവെന്ന് മനസ്സിലായല്ലോ. എന്നാൽ മുസ്ലിം സമുദായത്തിന്റെ സ്ഥിതിയെന്താണ്? ഈ മൂന്നർത്ഥപ്രകാരവും മുസ്ലിം ഭൂരിപക്ഷം ജൂത ഭൂരിപക്ഷത്തെ പിൻപററിയിരിക്കുന്നുവെന്ന പറയുന്നതിൽ തെറ്റുണ്ടോ?

മുസ്ലിംസമുദായം ലോകത്തിന്റെ നാനാ ഭാഗത്തുമുണ്ടല്ലോ. ഖുർആനിൽനിന്നും നബി (സ. അ.) തിരുമേനിയുടെ ചര്യയിൽ നിന്നും ദീൻ മനസ്സിലാക്കാതെ കേട്ടുകേൾവിയെ അടിസ്ഥാനമാക്കിയല്ലേ അവരിൽ ഭൂരിപക്ഷവും മതം മനസ്സിലാക്കിവരുന്നത്? എത്ര പാപങ്ങൾ ചെയ്താലും അവരിൽ ആരും നരകക്കാരാകയില്ല; അവർ സ്വർഗ്ഗക്കാർതന്നെയാണ് എന്നല്ലേ അവർ മനസ്സിലാക്കിവെച്ചത്? മുസ്ലിം വർഗ്ഗത്തിൽ അംഗമാണ് എന്നകാരണംകൊണ്ട് മാത്രം അവർക്ക് രക്ഷയുണ്ടെന്ന അവരുടെ വ്യാമോഹം ബനൂഇസ്രാഈൽ വർഗ്ഗത്തിൽ പെട്ടതുകൊണ്ട് തങ്ങൾക്ക് രക്ഷയുണ്ട് എന്ന് ജൂതന്മാർ ധരിക്കുന്നതുപോലെയല്ലേ? ഈ വിഷയത്തെപററി അല്ലാഹു പറയുന്നു:

لَيْسَ بِأَمَانِيِّكُمْ وَلَا أَمَانِيِّ أَهْلِ الْكِتَابِ مَنْ يَعْمَلْ سُوءًا يُجْزَ بِهِ وَلَا يَجِدْ لَهُ مِنْ دُونِ اللَّهِ وَلِيًّا وَلَا نَصِيرًا ۝ وَمَنْ يَعْمَلْ مِنَ الصَّالِحَاتِ مِنْ ذَكَرٍ أَوْ أُنْثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ۝

(سوره النساء)

"നിങ്ങളുടെ അമാനിയ്യല്ല (കാര്യം) അഹ്ൽകിതാബിന്റെ അമാനിയ്യുമല്ല. (കാര്യമിതാണ്) "വല്ലവനും തെററ്ചെയ്താൽ അതിന്റെ ഫലം അവൻതന്നെ അനുഭവിക്കണം; അല്ലാഹുവിനു പുറമെ ഒരു ബന്ധുവെയോ ഒരു രക്ഷകനെയോ അവൻ നേടുകയുമില്ല; വല്ലവനും – പുരുഷനാവട്ടെ, സ്ത്രീയാവട്ടെ – വിശ്വാസിയായും കൊ

ണ്ട് സല്കർമ്മങ്ങൾ പ്രവർത്തിക്കുന്ന പക്ഷം, അവരെത്ര സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ; അവർ അല്പം പോലും ദ്രോഹിക്കപ്പെടുകയില്ല".

കെട്ടുകഥകളോ, വ്യാമോഹങ്ങളോ, അർത്ഥം തിരിയാതെയുള്ള ജല്പനങ്ങളും മന്ത്രോച്ചാരണങ്ങളുമോ യാതൊരാളെയും നരകത്തിൽ നിന്ന് രക്ഷിച്ച് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ലെന്നും, നേരെ മറിച്ച് വിശ്വസിച്ചുകൊണ്ട് സല്കർമ്മങ്ങൾ പ്രവർത്തിക്കുന്ന ജനങ്ങൾക്കുമാത്രമേ രക്ഷയുള്ളുവെന്നും, വർഗ്ഗീയമായ വിക്ഷണത്തിൽ പരലോകത്തിൽ യാതൊരാളും രക്ഷിക്കപ്പെടുകയില്ലെന്നും ഉള്ള വസ്തുതകൾ മേൽവിവരിച്ച ആയത്തിൽ നിന്നും വ്യക്തമാവുന്നതാണ്. അവൻ എന്റെ വർഗ്ഗത്തിൽ പെട്ടവനാണ്. അല്ലെങ്കിൽ കുടുംബത്തിൽപെട്ടവനാണ്, അല്ലെങ്കിൽ എന്റെ ശിഷ്യനാണ്. അല്ലെങ്കിൽ എന്റെ സ്നേഹിതനാണ് എന്നൊന്നും പറഞ്ഞുകൊണ്ട്—ഈ ലോകത്തിലെ ഭരണാധികാരികളുടെ മുമ്പിൽ നടക്കാറുള്ള പ്രകാരം— യാതൊരാൾക്കും ആ ലോകത്തുവെച്ച് യാതൊരാളെയും രക്ഷിക്കുവാൻ സാധിക്കുകയില്ല. എല്ലാ രക്ഷയുടെയും അടിസ്ഥാനം സത്യവിശ്വാസമാണ്. എന്നാൽ ജൂതന്മാർ വാദിക്കുന്നത് ഇതിൽനിന്നെല്ലാം വ്യത്യാസപ്പെട്ടുകൊണ്ടുള്ള ഒരു വാദമാണ്. തങ്ങൾ ബനൂഇസ്രാഈൽവർഗ്ഗക്കാരായതുകൊണ്ട് തങ്ങൾ പരലോകത്തിലും അന്തസ്സുള്ളവരായിരിക്കുമെന്ന്.

ഇതിനോടുസാമ്യമായ വാദങ്ങൾ മുസ്ലിം ബഹുജനങ്ങളിലും കടന്നുകൂടിയിട്ടുണ്ട്. അവരിൽ പലരും ഈ വ്യാമോഹത്തിൽകിടന്നു നട്ടം തിരിയുകയാണ്. ഈ അന്ധവിശ്വാസത്തിൽനിന്നും വ്യാമോഹത്തിൽനിന്നും രക്ഷപ്പെട്ടവർ നിർഭാഗ്യവശാൽ ഇന്ന് മുസ്ലിം സമുദായത്തിൽ വളരെ കുറച്ചേയുള്ളു.

— തുടരും.

Phone: 147. Gram: UMMER BEEDI.

മേന്മയിലും ഗുണത്തിലും മികവുററ

**കെ. ഉമ്മർ ബീഡി**

ഉന്മേഷത്തിന്റെ ഉറവിടം, സംതൃപ്തിയുടെ സാക്ഷാൽക്കാരം

K. UMMER & SONS, TELLICHERRY.

*Stockists:-*

P. Assoo C/o. Mahe Stores, Palghat-1

# വരിസംഖ്യ

## അൽ-മുർശിദ് മാസിക

ഇന്ത്യ, സിലോൺ, പാകിസ്ഥാൻ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് | 3—50 |
| 6 മാസത്തേക്ക് | 2—00 |

മററു രാജ്യങ്ങളിൽ

| | |
|---|---|
| ഒരു കൊല്ലത്തേക്ക് (സീമെയിൽ) | 5—00 |
| ,, എയർമെയിൽ) | 11—00 |

## പരസ്യ നിരക്ക്

(ഒരു പ്രാവശ്യം)

| | |
|---|---|
| കവർ അവസാനഭാഗം | 150—00 |
| ,, 2, 3 ഭാഗങ്ങൾ | 100—00 |
| ഉൾഭാഗം മുഴുവൻ പേജ് | 50—00 |
| ,, പകുതി പേജ് | 30—00 |
| ,, കാൽപേജ് | 15—00 |

[ദീർഘകാലത്തേക്ക് പ്രത്യേക നിരക്ക്.]

## ഹസ്രഃ മുഹമ്മദ്നബി (സ)

# പൂർവ്വവേദങ്ങളിൽ.

ഹിന്ദു—ബൌദ്ധ—പാർസി വേദോപനിഷത്തുക്കളിലും, തൌറാത്തു്-ഇഞ്ചീൽ (പുതിയ നിയമം, പഴയ നിയമം) എന്നീ വേദഗ്രന്ഥങ്ങളിലും തിരുനബിയുടെ തിരുഅവതാരത്തെക്കുറിച്ചു് വന്നിട്ടുള്ള ആഗമന പ്രവചനങ്ങൾ സവിസ്തരം വിവരിച്ചിട്ടുള്ള ഒരു അമൂല്യ ഗ്രന്ഥം.

ബഹു: സയ്യിദ് മുഹമ്മദലി ശിഹാബ് (കൈറോ യൂനിവേഴ്സിററി) അവർകളുടെ അവതാരികയോടെ ഈ ഗ്രന്ഥം ഇസ്ലാമിക ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും കനപ്പെട്ടൊരു മുതൽക്കൂട്ടായിട്ടുണ്ടു്.

മേനിക്കടലാസ്സിൽ 150-ൽപരം പേജുകൾ

വില 1ക. 50 പൈസ.

പോസ്റ്റേജുടക്കം 1ക. 75 പൈസ അയക്കുക.

കേററലോഗ് സൌജന്യം.

**C. H. മുഹമ്മദ് & സൺസ്,**

തിരൂരങ്ങാടി, കേരള. Phone: 3.

Printed by Hajee C. H. Ebrahim at the Amirul Islam Power Press, Edited by E. K. Moulavi, & Published by Mohsin bin Ahmed, B. A., L. T. for the K. M. Moulavi Memorial Trust, Tirurangadi, Kerala.